259

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE WAKF ACT, 1954

(Act No. 29 of 1954)

# വകഫ് ആക്റ്റ്, 1954

(1954-ലെ 29-ാം നമ്പർ ആക്റ്റ്)

വില :

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1983

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE WAKF ACT, 1954

(Act No. 29 of 1954)

# വകഫ് ആക്റ്റ്, 1954

(1954-ലെ 29-ാം നമ്പർ ആക്റ്റ്)

വില :

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1983

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE WAKF ACT, 1954

(Act No. 29 of 1954)

# വകഫ് ആക്റ്റ്, 1954

(1954-ലെ 29-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1983

©
കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# വകഫ് ആക്ററ്, 1954

(1954-ലെ 29-ാം നമ്പർ ആക്ററ്)

വകുപ്പുകളുടെ വിന്യാസം.


അദ്ധ്യായം I

പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.
2. ആക്ററിന്റെ ബാധകത.
3. നിർവ്വചനങ്ങൾ.

അദ്ധ്യായം II

വകഫുകളുടെ സർവ്വേ

4. വകഫുകളുടെ പ്രാരംഭിക സർവ്വേ.
5. വകഫുകളുടെ ലിസ്ററ് പ്രസിദ്ധപ്പെടുത്തൽ.
6. വകഫുകൾ സംബന്ധിച്ച തർക്കങ്ങൾ.
7. സർവ്വേയ്ക്കുള്ള ചെലവുകൾ വസൂലാക്കൽ.
8. II-ാം അദ്ധ്യായം ചില സ്റേററുകൾക്ക് ബാധകമല്ലെന്ന്.

അദ്ധ്യായം II ക

കേന്ദ്ര വകഫ് കൗൺസിൽ

8ക. കേന്ദ്ര വകഫ് കൗൺസിലിന്റെ സ്ഥാപനവും രൂപവത്കരണവും.
8ഖ. കൗൺസിലിന്റെ ധനകാര്യം.
8ഗ. അക്കൗണ്ടുകളും ആഡിററും.
8ഘ. ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് കേന്ദ്ര ഗവൺമെൻറിനുള്ള അധികാരം.

അദ്ധ്യായം III

ബോർഡുകൾ സ്ഥാപിക്കലും അവയുടെ കർത്തവ്യങ്ങളും

9. ഏകാംഗീകരണം.
10. ബോർഡിന്റെ ഘടന.
11. അംഗങ്ങളുടെ നിയമനം.
12. ഉദ്യോഗകാലാവധി.
13. ബോർഡിലെ ഒരംഗമായി നിയമിക്കുന്നതിന്നോ തുടരുന്നതിന്നോ ഉള്ള അയോഗ്യതകൾ.
14. ബോർഡിന്റെ യോഗങ്ങൾ.
15. ബോർഡിന്റെ പ്രവർത്തനങ്ങൾ.
16. ബോർഡിന്റെ കമ്മിററികൾ.
17. ചെയർമാന്റേയും അംഗങ്ങളുടേയും രാജി.
18. ചെയർമാനേയും അംഗങ്ങളേയും നീക്കം ചെയ്യൽ.
19. ഒഴിവു നികത്തൽ.
20. അംഗങ്ങളുടെ ഇടയിലുള്ള ഒഴിവുകളോ അല്ലെങ്കിൽ രൂപീകരണത്തിലുള്ള ന്യൂനതയോ ബോർഡിന്റെ പ്രവൃത്തികളേയോ നടപടികളേയോ അസാധുവാക്കുന്നതല്ലെന്ന്.
21. ബോർഡിലെ സെക്രട്ടറിയും മററ് ഉദ്യോഗസ്ഥൻമാരും.
22. പ്രത്യായോജനം ചെയ്യൽ.
23. രേഖകളുടെ പരിശോധനയും പകർപ്പുകൾ നൽകലും.
24. പാർലമെൻറ് അംഗത്വത്തിനുള്ള അയോഗ്യത തടയൽ.

അദ്ധ്യായം IV

വകഫുകളുടെ രജിസ്ട്രേഷൻ

25. രജിസ്ട്രേഷൻ.
26. വകഫുകളുടെ രജിസ്ററർ.
27. ഒരു വസ്തു വകഫ് വസ്തു ആണോ എന്ന തീരുമാനം.
28. വകഫ് രജിസ്ററർ ചെയ്യിക്കുകയും രജിസ്ററർ ഭേദഗതി ചെയ്യുകയും ചെയ്യാനുള്ള അധികാരം.
29. രജിസ്ററർ ചെയ്ത വകഫുകളിൽ മാററം സംബന്ധിച്ചുള്ള വിജ്ഞാപനം.
30. ഒഴിവാക്കലുകൾ.

അദ്ധ്യായം V

മുതവല്ലിമാരും വകഫ് അക്കൗണ്ടുകളും

31. ബഡ്ജററ്.
32. വകഫുകളുടെ അക്കൗണ്ടുകൾ സമർപ്പിക്കൽ.
33. വകഫുകളുടെ അക്കൗണ്ടുകൾ ആഡിററു ചെയ്യൽ.
34. ആഡിററരുടെ റിപ്പോർട്ടിൻമേൽ ബോർഡ് ഉത്തരവുകൾ പാസ്സാക്കേണ്ടതാണെന്ന്.
35. കിട്ടാനുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തിയ തുകകൾ ഭൂനികുതി കുടിശ്ശിക പോലെ വസൂലാക്കാമെന്ന്.
36. മുതവല്ലിമാരുടെ കർത്തവ്യങ്ങൾ.

36ക- വകഫിന്റെ സ്ഥാവരവസ്തുക്കൾ കൈമാററം ചെയ്യൽ.

36ഖ. 36ക വകുപ്പ് ഉല്ലംഘിച്ചുകൊണ്ട് കൈമാററം ചെയ്ത വകഫ് വസ്തുക്കൾ വീണ്ടെടുക്കൽ.

37. വകഫ് വസ്തുവിന്റെ ആദായത്തിൽനിന്ന് ചില ചെലവുകൾ വഹിക്കുന്നതിന് മുതവല്ലിക്ക് അവകാശമുണ്ടെന്ന്.
38. മുതവല്ലി കൊടുക്കാത്ത സംഗതിയിൽ, കൊടുക്കാനുള്ളത് കൊടുക്കുന്നതിനു ബോർഡിനുള്ള അധികാരം.
39. കരുതൽ നിധി സൃഷ്ടിക്കൽ.
40. സമയം നീട്ടിക്കൊടുക്കൽ.
41. ദണ്ഡനങ്ങൾ.
42. ചിലസംഗതികളിൽ മുതവല്ലിമാരെ നിയമിക്കാനുള്ള അധികാരം.
43. മുതവല്ലിമാരെ നീക്കംചെയ്യൽ.
43ക. ചില വകഫുകളുടെ നേരിട്ടുള്ള മാനേജുമെൻറ് ബോർഡ് ഏറെറടുക്കൽ.
44. അന്വേഷണവിചാരണയ്ക്കുള്ള അപേക്ഷ.
45. ബോർഡിനാലുള്ള അന്വേഷണവിചാരണ.

അദ്ധ്യായം VI

ബോർഡിന്റെ ധനകാര്യം

46. ബോർഡിനു കൊടുക്കേണ്ട വാർഷിക അംശദായങ്ങൾ.
47. കടം വാങ്ങുന്നതിന് ബോർഡിനുള്ള അധികാരം.
48. വകഫ് ഫണ്ട്.
49. ബോർഡിന്റെ ബഡ്ജററ്.
50. ബോർഡിന്റെ അക്കൗണ്ടുകൾ.
51. ബോർഡിന്റെ അക്കൗണ്ടുകളുടെ ആഡിററ്.
52. ആഡിററുടെ റിപ്പോർട്ടിൻമേൽ സ്റേററ് ഗവൺമെൻറ് ഉത്തരവ് പാസ്സാക്കേണ്ടതാണെന്ന്.
53. കിട്ടാനുള്ളതാണെന്നു സാക്ഷ്യപ്പെടുത്തിയ തുകകൾ ഭൂനികുതി കുടിശ്ശികപോലെ വസൂലാക്കാമെന്ന്.
54. റദ്ദാക്കപ്പെട്ടു.

അദ്ധ്യായം VII

ജുഡീഷ്യൽ നടപടികൾ

55. സിവിൽ നടപടി നിയമസംഹിത, 1908, 92-ാം വകുപ്പിൻകീഴിൽ വ്യവഹാരങ്ങൾ ആരംഭിക്കൽ.
56. ബോർഡിനെതിരായി കക്ഷികളാലുള്ള വ്യവഹാരങ്ങളുടെ നോട്ടീസ്.
57. വ്യവഹാരങ്ങളും മററും സംബന്ധിച്ച് കോടതി നല്കുന്ന നോട്ടീസ്.
58. ഭൂമി ആർജ്ജന ആക്ററ്, 1894-ൻ കീഴിലുള്ള നടപടികൾ.
59. ഒരു വകഫ് സംബന്ധിച്ച വ്യവഹാരത്തിലോ നടപടിയിലോ ബോർഡിനെ അതിന്റെ അപേക്ഷയിൻമേൽ കക്ഷിയായി ചേർക്കണമെന്ന്.
60. മുതവല്ലിമാരാലോ മുതവല്ലിമാർക്കെതിരായോ ഉള്ള വ്യവഹാരങ്ങൾ രാജിയാക്കുന്നതിനുള്ള തടസ്സം.
61. തന്റെ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിൽ മുതവല്ലി വീഴ്ചവരുത്തുന്ന സംഗതിയിൽ കോടതിയിൽ അപേക്ഷനല്കാനുള്ള അധികാരം.

അദ്ധ്യായം VIII

പലവക

62. കേന്ദ്ര ഗവൺമെൻറിനാലുള്ള നിദേശങ്ങൾ.
63. സ്റേററ് ഗവൺമെൻറിനാലുള്ള നിദേശങ്ങൾ.
64. ബോർഡിനെ പുറംതള്ളാനുള്ള അധികാരം.
65. ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന കൃത്യങ്ങൾക്ക് സംരക്ഷണം.
66. കമ്മീഷണറും ആഡിററും മററും പബ്ലിക് സർവൻറ്മാരാണെന്ന് കരുതേണ്ടതാണെന്ന്.
66ക. ചില ബോർഡുകളുടെ പുനഃസംഘടനയ്ക്കായുള്ള പ്രത്യേക വ്യവസ്ഥകൾ.
66ഖ. സ്റേററിന്റെ ഭാഗത്തിനുവേണ്ടി ബോർഡ് സ്ഥാപിക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥ.
66ഗ. ചില വകഫുകളുടെ സംരക്ഷണത്തിന് ഇസ്ലാംമതവിശ്വാസികളല്ലാത്ത ആളുകൾ നല്കിയതോ സംഭാവന ചെയ്തതോ ആയ വസ്തുക്കൾക്ക് ആക്ററ് ബാധകമാക്കൽ.
67. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.
68. റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം.
69. റദ്ദാക്കലും ഒഴിവാക്കലുകളും.
70. വൈഷമ്യങ്ങൾ നീക്കംചെയ്യൽ.

പട്ടിക

# വകഫ് ആക്റ്റ്, 1954

(1954-ലെ 29-ാം നമ്പർ ആക്റ്റ്)

[1954 മെയ്, 21]

വകഫുകളുടെ മെച്ചമായ ഭരണത്തിനും മേൽനോട്ടത്തിനും വ്യവസ്ഥ ചെയ്യുന്ന ആക്റ്റ്.

ഇൻഡ്യാ റിപ്പബ്ലിക്കിന്റെ അഞ്ചാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

## അദ്ധ്യായം I

## പ്രാരംഭികം

1. (1) ഈ ആക്റ്റിന്, വകഫ് ആക്റ്റ്, 1954 എന്ന് പേർ പറയാവുന്നതാണ്. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.

(2) ഇത് ജമ്മു-കാശ്മീർ സ്റ്റേറ്റ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

(3) ഈ ആക്റ്റ് വ്യാപിക്കുന്ന സ്റ്റേറ്റിൽ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ആ സ്റ്റേറ്റിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് നിശ്ചയിക്കാവുന്ന തീയതി ഇത് പ്രാബല്യത്തിൽ വരുന്നതും വ്യത്യസ്ത സ്റ്റേറ്റുകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതുമാകുന്നു :

എന്നാൽ, ബീഹാറും, ഉത്തർപ്രദേശും, പശ്ചിമബംഗാളും സ്റ്റേറ്റുകളിൽ ഏതിനെയെങ്കിലും സംബന്ധിച്ച് അങ്ങനെയുള്ള യാതൊരു വിജ്ഞാപനവും ബന്ധപ്പെട്ട സ്റ്റേറ്റ് ഗവൺമെന്റിന്റെ ശുപാർശയിൻമേലല്ലാതെ പുറപ്പെടുവിക്കാൻ പാടില്ലാത്തതാകുന്നു :

എന്നുമാത്രമല്ല, സംസ്ഥാന പുനഃസംഘടന ആക്റ്റു മുഖേന വരുത്തിയ രാജ്യക്ഷേത്രീയ വ്യതിയാനങ്ങൾ ഹേതുവായി 1956 നവംബർ ഒന്നാം തീയതി മുതൽ ഈ ആക്റ്റ് ഒരു സ്റ്റേറ്റിന്റെ ഭാഗത്തിനുമാത്രം ബാധകമാകുന്നിടത്ത്, കേന്ദ്ര ഗവൺമെന്റ് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ആ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന തീയതിമുതൽ പ്രഭാവത്തോടുകൂടി ആ സ്റ്റേറ്റിന്റെ അവശേഷിക്കുന്ന ഭാഗത്ത് ഈ ആക്റ്റ് പ്രാബല്യത്തിൽ കൊണ്ടുവരാവുന്നതാണ്.

2. ഈ ആക്റ്റിൻകീഴിൽ മററുവിധത്തിൽ പ്രകടമായി വ്യവസ്ഥചെയ്തിട്ടുള്ള പ്രകാരമൊഴികെ, ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പോ പിമ്പോ സൃഷ്ടിച്ചവയായാലും, എല്ലാ വകഫുകൾക്കും ഈ ആക്റ്റ് ബാധകമാകുന്നതാണ് : ആക്റ്റിന്റെ ബാധകത

എന്നാൽ, ഈ ആക്റ്റിലുള്ള യാതൊന്നും, ദുർഗ്ഗാകപാജാസാഹബ് ആക്റ്റ്, 1955-ൽ ബാധകമാകുന്ന ദുർഗ്ഗാകപാജാ സാഹബിനോ, ആജ്മീറിനോ, ബാധകമാകുന്നതല്ല. 1955-ലെ 36

3. ഈ ആക്റ്റിൽ, സന്ദർഭംമററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,— നിർവ്വചനങ്ങൾ.

(ക) "ഗുണഭോക്താവ്" എന്നാൽ, ഏത് ആളുടേയോ അല്ലെങ്കിൽ ലക്ഷ്യത്തിന്റേയോ ഗുണത്തിനുവേണ്ടിയാണോ ഒരു വകഫ് സൃഷ്ടിക്കപ്പെട്ടത്, ആ ആളോ ലക്ഷ്യമോ എന്നർത്ഥമാകുന്നതും, അതിൽ മതപരവും ഭക്തിദ്യോതകവും ധർമ്മാർത്ഥവുമായ ലക്ഷ്യങ്ങളും മുസ്ലീംനിയമം അനുവദിക്കുന്ന പൊതുജനപ്രയോജനകരമായ മറേറതെങ്കിലും ലക്ഷ്യവും ഉൾപ്പെടുന്നതുമാകുന്നു.

(ഖ) "ആനുകൂല്യം" എന്നതിൽ, താൻ ഒരു മുതവല്ലിയാണെന്ന കാരണത്താൽ മാത്രം ഒരു മുതവല്ലിക്ക് അവകാശപ്പെട്ട ഏതെങ്കിലും ആനുകൂല്യം ഉൾപ്പെടുന്നതല്ലാത്തതാകുന്നു.

(ഗ) "ബോർഡ്" എന്നാൽ, അതതുസംഗതിപോലെ, 9-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിലോ (1 ക) ഉപവകുപ്പിൻകീഴിലോ സ്ഥാപിക്കപ്പെട്ട ഒരു വകഫ് ബോർഡ് എന്നർത്ഥമാകുന്നു.

(ഘ) "കമ്മീഷണർ" എന്നാൽ, 4-ാം വകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന ഒരു വകഫ് കമ്മീഷണർ എന്നർത്ഥമാകുന്നതും, അതിൽ ഏതെങ്കിലും വകഫ് അഡീഷണൽ അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർ ഉൾപ്പെടുന്നതുമാകുന്നു.

(ഘഘ) "കൗൺസിൽ" എന്നാൽ, 8ക വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട കേന്ദ്ര വകഫ് കൗൺസിൽ എന്നർത്ഥമാകുന്നു.

(ങ) "അംഗം" എന്നാൽ, ബോർഡിലെ ഒരംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർമാൻ ഉൾപ്പെടുന്നതും ആകുന്നു.

(ച) ''മുതവല്ലി'' എന്നാൽ, വാക്കാലോ അല്ലെങ്കിൽ വകഫിനെ സൃഷ്ടിച്ച ഏതെങ്കിലും രേഖയുടേയോ പ്രമാണത്തിന്റേയോ കീഴിലോ അല്ലെങ്കിൽ ക്ഷമതയുള്ള ഒരു അധികാരസ്ഥാനത്താലോ ഒരു വകഫിന്റെ മുതവല്ലിയായി നിയമിക്കപ്പെട്ട ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നതും അതിൽ ഏതെങ്കിലും നെയിബ് മുതവല്ലിയോ, ഖദീമോ, മൂജാവറോ, സജ്ജദനിഷീനോ, അമീനോ അല്ലെങ്കിൽ ഒരു മുതവല്ലിയുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ മുതവല്ലി നിയമിക്കുന്ന മററാളോ എന്നും ഈ ആക്ററിൽ മററുവിധത്തിൽ വ്യവസ്ഥചെയ്ത പ്രകാരമൊഴികെ ഏതെങ്കിലും വകഫ് വസ്തു ആ നിലയിൽ തൽസമയം മാനേജ് ചെയ്യുകയോ അതിന്റെ ഭരണം നടത്തുകയോ ചെയ്യുന്ന ഏതെങ്കിലും ആളോ കമ്മിററിയോ എന്നും അർത്ഥമാകുന്നു.

(ഛ) ''തനിവാർഷികാദായം'' എന്നാൽ, ഒരു വകഫിനെ സംബന്ധിച്ച്.—

(i) ഗവൺമെന്റിനോ അല്ലെങ്കിൽ ഏതെങ്കിലും തദ്ദേശാധികാരസ്ഥാപനത്തിനോ കൊടുക്കേണ്ട ഭൂനികുതിയും വരിയും നിരക്കുകളും നികുതികളും;

(ii) വകഫ് നികായത്തിന്റെ ഭാഗമായിത്തീരേണ്ടതാണെന്ന വിനിർദ്ദിഷ്ട നിദേശത്തോടുകൂടി നല്കപ്പെട്ട സംഭാവനകളോ കൊടുക്കപ്പെട്ട ദാനങ്ങളോ അവയും ഒഴികെ എല്ലാ മാർഗ്ഗങ്ങളിൽനിന്നുമുള്ള ഒരു വർഷത്തെ അതിന്റെ മൊത്തവരുമാനം എന്നർത്ഥമാകുന്നു :

എന്നാൽ, അങ്ങനെയുള്ള സംഭാവനകളിൽനിന്നോ ദാനങ്ങളിൽനിന്നോ ലബ്ധമാകുന്ന പലിശയോ അല്ലെങ്കിൽ വരുമാനമോ എന്തെങ്കിലുമുണ്ടെങ്കിൽ, അത് മൊത്തവാർഷികാദായം കണക്കുകൂട്ടുന്നതിൽ കണക്കിലെടുക്കേണ്ടതാകുന്നു.

(ജ) ''ഒരു വകഫിൽ അവകാശബന്ധമുള്ള ആൾ'' എന്നാൽ, വകഫിൽനിന്നു ധനപരമോ മററോ ആയ ഏതെങ്കിലും ആനുകൂല്യങ്ങൾ ലഭിക്കുവാൻ അവകാശമുള്ള ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നതും അതിൽ, —

(i) ഒരു മുസ്ലീംപള്ളിയിലോ, ഇദ്ഗായിലോ ഇമാംബറായിലോ, ഡാർഗായിലോ, ഖാൻഗായിലോ, മാഖ്ബറായിലോ, ശ്മശാനത്തിലോ അല്ലെങ്കിൽ വകഫുമായി ബന്ധപ്പെട്ട മറേറതെങ്കിലും മതപരമായ സ്ഥാപനത്തിലോ ആരാധന നടത്തുന്നതിനോ അല്ലെങ്കിൽ മതപരമായ ഏതെങ്കിലും ചടങ്ങുകൾ നിർവ്വഹിക്കുന്നതിനോ വകഫിനുകീഴിലുള്ള മതപരമായ ഏതെങ്കിലും സ്ഥാപനത്തിലോ ധർമ്മസ്ഥാപനത്തിലോ സംബന്ധിക്കുന്നതിനോ അവകാശമുള്ള ഏതെങ്കിലും ആളും ;

(ii) വകഫും വകഫിന്റെയും മുതവല്ലിയുടേയും ഏതെങ്കിലും സന്തതിയും, ഉൾപ്പെടുന്നതുമാകുന്നു;

(ഝ) ''നിർണ്ണയിക്കപ്പെടുന്ന'' എന്നാൽ, 11 ക എന്ന അദ്ധ്യായത്തിലൊഴികെ, ഈ ആക്ററിൻകീഴിൽ സ്റേററ് ഗവൺമെന്റ് ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നതും അതിൽ ഈ ആക്ററിൻകീഴിൽ ബോർഡ് ഉണ്ടാക്കിയ റഗുലേഷനുകൾ ഉൾപ്പെടുന്നതുമാകുന്നു;

(ഞ) ''ശിയാവകഫ്'' എന്നാൽ, ശിയാനിയമത്താൽ അനുശാസിതമായ വകഫ് എന്നർത്ഥമാകുന്നു ;

(ട) ''സുന്നിവകഫ്'' എന്നാൽ സുന്നിനിയമത്താൽ അനുശാസിതമായ ഒരു വകഫ് എന്നർത്ഥമാകുന്നു ;

(ഠ) ''വകഫ്'' എന്നാൽ, ഇസ്ലാംമത വിശ്വാസിയായ ഒരാൾ, ഭക്തിദ്യോതകമോ മതപരമോ ധർമ്മാർത്ഥമോ ആയി മുസ്ലീംനിയമം അംഗീകരിക്കുന്ന ഏതെങ്കിലും ആവശ്യത്തിന് ഏതെങ്കിലും ജംഗമമോ സ്ഥാവരമോ ആയ വസ്തുവകകളുടെ സ്ഥിരമായ സമർപ്പണം എന്നർത്ഥമാകുന്നതും, അതിൽ—

(i) ഉപയോഗം വഴിയുള്ള ഒരു വകഫും;

(ii) ഭക്തിദ്യോതകമോ മതപരമോ ധർമ്മാർത്ഥമോ ആയി മുസ്ലീം നിയമം അംഗീകരിക്കുന്ന ഏതെങ്കിലും ആവശ്യത്തിനുള്ള ഗ്രാന്റുകളും (മശ്റത്ത്-ഉൾ-കിദ്മദ് ഉൾപ്പെടെ) ;

(iii) ഭക്തിദ്യോതകമോ മതപരമോ ധർമ്മാർത്ഥമോ ആയി മുസ്ലീം നിയമം അംഗീകരിക്കുന്ന ഏതെങ്കിലും ആവശ്യത്തിന് വസ്തു സമർപ്പണം ചെയ്തിട്ടുള്ളിടത്തോളമുള്ള വകഫ്-അലാൽ-ഔലദും ഉൾപ്പെടുന്നതും ;

''വകിഫ്'' എന്നാൽ, അങ്ങനെയുള്ള സമർപ്പണം നടത്തുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നതുമാകുന്നു.

(ഡ) ''വകഫ് കരണം'' എന്നാൽ, ഏത് കരണമോ പ്രമാണമോ അനുസരിച്ചാണോ ഒരു വകഫ് സൃഷ്ടിക്കപ്പെട്ടത് അങ്ങനെയുള്ള ഏതെങ്കിലും കരണമോ പ്രമാണമോ എന്നർത്ഥമാകുന്നതും, അതിൽ ആദ്യസമർപ്പണത്തിലെ ഏതെങ്കിലും തിട്ടങ്ങൾക്കു മാററം വരുത്തിയ പിന്നീടുള്ള ഏതെങ്കിലുംസാധുവായ കരണമോ പ്രമാണമോ ഉൾപ്പെടുന്നതും ആകുന്നു.

## അദ്ധ്യായം II
## വകഫുകളുടെ സർവ്വേ

**വകഫുകളുടെ പ്രാരംഭിക സർവ്വേ.**

4. (1) സ്റേററ് ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ആ സ്റേററിനുവേണ്ടി, ഒരു വകഫ് കമ്മീഷണരേയും ഈ ആക്ററിൻെറ പ്രാരംഭത്തീയതിയിൽ ആ സ്റേററിൽ നിലവിലിരിക്കുന്ന വകഫ് വസ്തുക്കളുടെ സർവ്വേ നടത്തുന്നതിന് ആവശ്യകമാകാവുന്നത്ര വകഫുകളുടെ അഡീഷണൽ അല്ലെങ്കിൽ അസിസ്ററൻറ് കമ്മീഷണർമാരേയും നിയമിക്കാവുന്നതാണ്.

(2) വകഫുകളുടെ എല്ലാ അഡീഷണൽ കമ്മീഷണർമാരും അസിസ്ററൻറ് കമ്മീഷണർമാരും വകഫ്കമ്മീഷണരുടെ പൊതുമേൽനോട്ടത്തിനും നിയന്ത്രണത്തിനും കീഴിൽ ഈ ആക്ററിൻ കീഴിലുള്ള അവരുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതാകുന്നു.

(3) കമ്മീഷണർ, ആവശ്യകമെന്ന് കരുതാവുന്ന അന്വേഷണ വിചാരണകൾ നടത്തിയതിനുശേഷം, സ്റേററിലോ അല്ലെങ്കിൽ അതിൻെറ ഏതെങ്കിലും ഭാഗത്തോ ഈ ആക്ററിൻെറ പ്രാരംഭത്തീയതിയിൽ നിലവിലുള്ള വകഫുകൾ സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ അടങ്ങിയ തൻെറ റിപ്പോർട്ട് സ്റേററ് ഗവൺമെൻറിന് സമർപ്പിക്കേണ്ടതാണ്, അതായത് :—

(ക) ശിയാവകഫുകളും സുന്നിവകഫുകളും വെവ്വേറെ കാണിച്ചുകൊണ്ട്, അതതു സംഗതിപോലെ, സ്റേററിലോ അതിൻെറ ഏതെങ്കിലും ഭാഗത്തോ ഉള്ള വകഫുകളുടെ എണ്ണം ;

(ഖ) ഓരോ വകഫുകളുടെയും സ്വഭാവവും ഉദ്ദേശ്യങ്ങളും ;

(ഗ) ഓരോ വകഫിലുംപെട്ട വസ്തുക്കളുടെ മൊത്ത ആദായം ;

(ഘ) അങ്ങനെയുള്ള വസ്തു സംബന്ധിച്ച് നല്കേണ്ട ഭൂമിക്കരത്തിൻെറയും, സെസ്സുകളുടെയും, നിരക്കുകളുടെയും, നികുതികളുടെയും തുക ;

(ങ) ആദായം എടുക്കുന്നതിൽ നേരിട്ട ചെലവുകളും ഓരോ വകഫിലേയും മുതവല്ലിമാരുടെ ശമ്പളവും മററു വേതനവും ;

(ച) ഓരോ വകഫും സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന മററു വിവരങ്ങൾ.

(4) കമ്മീഷണർക്ക്, ഏതെങ്കിലും അന്വേഷണ വിചാരണ നടത്തുമ്പോൾ, താഴെപ്പറയുന്ന വിഷയങ്ങൾ, അതായത് :—

(ക) ഏതെങ്കിലും സാക്ഷിയെ സമൻ ചെയ്യുന്നതും വിസ്തരിക്കുന്നതും;

(ഖ) ഏതെങ്കിലും രേഖ വെളിപ്പെടുത്തുകയും ഹാജരാക്കുകയും ചെയ്യുന്നതിന് ആവശ്യപ്പെടുന്നതും ;

(ഗ) ഏതെങ്കിലും കോടതിയിലോ ആഫീസിലോ നിന്ന് ഏതെങ്കിലും പബ്ലിക് റിക്കാർഡുകൾ ആവശ്യപ്പെടുന്നതും ;

(ഘ) ഏതെങ്കിലും സാക്ഷികളെ വിസ്തരിക്കുകയോ കണക്കുകൾ പരിശോധിക്കുകയോ ചെയ്യുന്നതിന് കമ്മീഷനുകൾ പുറപ്പെടുവിക്കുന്നതും ;

(ങ) ഏതെങ്കിലും സ്ഥലത്ത് ചെന്നുള്ള പരിശോധനയോ സ്ഥലത്ത് ചെന്നുള്ള അന്വേഷണമോ നടത്തുന്നതും ;

(ച) നിർണ്ണയിക്കപ്പെടാവുന്ന മറേറതെങ്കിലും വിഷയങ്ങളും, 1908-ലെ 5

സംബന്ധിച്ച് സിവിൽ നടപടി നിയമസംഹിത, 1908-ൻ കീഴിൽ ഒരു സിവിൽക്കോടതിയിൽ നിക്ഷിപ്തമായിരിക്കുന്ന അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(5) അങ്ങനെയുള്ള ഏതെങ്കിലും അന്വേഷണ വിചാരണ സമയത്ത് ഒരു പ്രത്യേക വകഫ് ശിയാവകഫ് ആണോ അല്ലെങ്കിൽ സുന്നിവകഫ് ആണോ എന്നുള്ള ഏതെങ്കിലും തർക്കം ഉണ്ടാവുകയും അതിൻെറ സ്വഭാവം സംബന്ധിച്ച് വകഫ് കരണത്തിൽ ശരിയായ സൂചനകൾ ഉണ്ടായിരിക്കുകയും ചെയ്യുകയാണെങ്കിൽ, ആ തർക്കം അങ്ങനെയുള്ള കരണത്തിൻെറ അടിസ്ഥാനത്തിൽ തീരുമാനിക്കേണ്ടതാണ്.

**വകഫുകളുടെ ലിസ്ററ് പ്രസിദ്ധപ്പെടുത്തൽ.**

5. (1) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു റിപ്പോർട്ട് ലഭിക്കുന്നതിൻമേൽ, സ്റേററ് ഗവൺമെൻറ്, അതിൻെറ ഒരു പകർപ്പ് ബോർഡിന് അയച്ചു കൊടുക്കേണ്ടതാണ്.

(2) ബോർഡ്, (1)-ാം ഉപവകുപ്പുപ്രകാരം അതിന് അയച്ചുകൊടുത്ത റിപ്പോർട്ട് പരിശോധിക്കേണ്ടതും, അതതുസംഗതിപോലെ, റിപ്പോർട്ട് ഏത് സംസ്ഥാനത്തെ സംബന്ധിച്ചുള്ളതാണോ ആ സംസ്ഥാനത്തോ അതിൻെറ ഭാഗത്തോ നിലവിലുള്ളതും നിർണ്ണയിക്കപ്പെടാവുന്ന വിവരങ്ങൾ അടങ്ങിയതുമായ വകഫുകളുടെ ഒരു ലിസ്ററ് ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാകുന്നു.

**വകഫുകൾ സംബന്ധിച്ച തർക്കങ്ങൾ.**

6. 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ പ്രസിദ്ധപ്പെടുത്തിയ വകഫുകളുടെ ലിസ്ററിൽ വകഫ് വസ്തുവായി വിനിർദ്ദേശിച്ച ഒരു പ്രത്യേക വസ്തു വകഫ് വസ്തുവാണോ അല്ലയോ അല്ലെങ്കിൽ അങ്ങനെയുള്ള ലിസ്ററിൽ വിനിർദ്ദേശിച്ച ഒരു വകഫ് ശിയാവകഫോ അല്ലെങ്കിൽ സുന്നിവകഫോ ആണോ എന്ന ഏതെങ്കിലും പ്രശ്നം ഉണ്ടാവുകയാണെങ്കിൽ, ബോർഡിനോ, അല്ലെങ്കിൽ വകഫിൻെറ മുതവല്ലിക്കോ അല്ലെങ്കിൽ അതിൽ അവകാശബന്ധമുള്ള ഏതെങ്കിലും ആളിനോ, ആ പ്രശ്നത്തിൻെറ തീരുമാനത്തിന് ക്ഷമതയോടുകൂടിയ അധികാരിതയുള്ള സിവിൽക്കോടതിയിൽ ഒരു വ്യവഹാരം ആരംഭിക്കാവുന്നതും അങ്ങനെയുള്ള വിഷയം സംബന്ധിച്ച് ആ സിവിൽക്കോടതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ് :

എന്നാൽ, അങ്ങനെയുള്ള യാതൊരു വ്യവഹാരവും, 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ വകഫുകളുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ ഒരു വർഷം കഴിഞ്ഞശേഷം സിവിൽക്കോടതി സ്വീകരിക്കാൻ പാടുള്ളതല്ല :

എന്നുമാത്രമല്ല, സ്റ്റേറ്റിന്റെ ഏതെങ്കിലും ഭാഗത്തെ സംബന്ധിച്ചുള്ളതും വകഫ് (ഭേദഗതി) ആക്റ്റ്, 1969-ന്റെ പ്രാരംഭത്തിനു മുമ്പ് പ്രസിദ്ധപ്പെടുത്തിയതോ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്ന് കരുതപ്പെടുന്നതോ ആയതും ആയ വകഫുകളുടെ ലിസ്റ്റിന്റെ സംഗതിയിൽ, അങ്ങനെയുള്ള വ്യവഹാരങ്ങൾ, അങ്ങനെയുള്ള പ്രാരംഭം മുതൽ ഒരു വർഷത്തിനകം സിവിൽക്കോടതി സ്വീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും വകഫ് സംബന്ധിച്ച് ഈ ആക്റ്റിൻകീഴിലുള്ള യാതൊരു നടപടിയും, അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരമോ അല്ലെങ്കിൽ ഏതെങ്കിലും അപ്പീലോ അല്ലെങ്കിൽ അങ്ങനെയുള്ള വ്യവഹാരത്തിൽനിന്നുണ്ടാകുന്ന മററു നടപടിയോ തീർപ്പാകാതെയിരിക്കുന്നുവെന്ന കാരണത്താൽ മാത്രം നിറുത്തിവയ്ക്കാൻ പാടില്ലാത്തതാകുന്നു.

(3) കമ്മീഷണരെ (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഏതെങ്കിലും വ്യവഹാരത്തിലെ ഒരു കക്ഷിയാക്കാൻ പാടില്ലാത്തതും, ഈ ആക്റ്റോ അല്ലെങ്കിൽ അതിൻകീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളോ അനുസരിച്ച് ഉത്തമവിശ്വാസത്തോടുകൂടി ചെയ്തതോ അല്ലെങ്കിൽ ചെയ്തതായി ഉദ്ദേശിക്കപ്പെട്ടതോ ആയ ഏതെങ്കിലും സംബന്ധിച്ച് അയാൾക്കെതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ അല്ലെങ്കിൽ മററു നിയമനടപടിയോ നിലനിൽക്കുന്നതല്ലാത്തതും ആകുന്നു.

(4) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ പ്രസിദ്ധപ്പെടുത്തിയ വകഫുകളുടെ ലിസ്റ്റ്, (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു സിവിൽക്കോടതിയുടെ തീരുമാനമനുസരിച്ച് രൂപഭേദപ്പെടുത്തിയിട്ടില്ലാത്തപക്ഷം, അവസാനത്തേതും നിശ്ചായകവും ആയിരിക്കുന്നതാണ്.

സർവ്വേയ്ക്കുള്ള ചെലവുകൾ വസൂലാക്കൽ.

7. (1) ഈ അദ്ധ്യായത്തിൻകീഴിൽ വകഫുകളുടെ ലിസ്റ്റോ, ലിസ്റ്റുകളോ പ്രസിദ്ധപ്പെടുത്തിയതിന്റെ ചെലവ് ഉൾപ്പെടെ ഒരു സർവ്വേ നടത്തിയതിന്റെ മൊത്തം ചെലവ്, അററവാർഷികാദായം നൂറുരൂപയിൽ കവിയുന്ന വകഫുകളുടെ എല്ലാ മുതവല്ലികളും അങ്ങനെയുള്ള വകഫുകൾക്ക് സ്റ്റേററിൽ ഉണ്ടാകുന്ന അററവാർഷികാദായത്തിന് ആനുപാതികമായി — അങ്ങനെയുള്ള അനുപാതം കമ്മീഷണർ തിട്ടപ്പെടുത്തുന്നതാണ് — വഹിക്കേണ്ടതാണ്.

(2) ഏത് കരണമോ പ്രമാണമോ അനുസരിച്ചാണോ വകഫ് സൃഷ്ടിക്കപ്പെട്ടത് ആ കരണത്തിലോ പ്രമാണത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും മുതവല്ലി, (1)-ാം ഉപവകുപ്പിൻ കീഴിൽ താൻ കൊടുക്കേണ്ട ഏതെങ്കിലും തുക, വകഫിന്റെ ആദായത്തിൽനിന്ന് കൊടുക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ മുതവല്ലിയിൽ നിന്ന് കിട്ടേണ്ട ഏതെങ്കിലും തുക, സ്റ്റേററ് ഗവൺമെൻറ് നല്കുന്ന ഏതെങ്കിലും സർട്ടിഫിക്കററിൻമേൽ ഭൂനികുതി കുടിശ്ശിക എന്ന പോലെ അതേ രീതിയിൽ വകഫിൽ ഉൾപ്പെട്ട വസ്തുവിൽനിന്നും വസൂലാക്കാവുന്നതാണ്.

II-ാം അദ്ധ്യായം ചില സ്റ്റേററുകൾക്ക് ബാധകമല്ലെന്ന്.

8. ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ, ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പ് ഏതെങ്കിലും സ്റ്റേററിൽ നിലവിലുള്ള വകഫ് വസ്തുക്കളുടെ സർവ്വേ, ആ സ്റ്റേററിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ നടത്തിയിട്ടുള്ളിടത്ത് ആ സ്റ്റേററിന് ബാധകമാകുന്നതല്ല.

## അദ്ധ്യായം II ക

## കേന്ദ്ര വകഫ് കൗൺസിൽ

കേന്ദ്ര വകഫ് കൗൺസിലിന്റെ സ്ഥാപനവും രൂപവത്കരണവും.

8ക. (1) ബോർഡുകളുടെ പ്രവർത്തനത്തേയും വകഫുകളുടെ ശരിയായ ഭരണത്തേയും സംബന്ധിച്ച വിഷയങ്ങളിൽ കേന്ദ്ര ഗവൺമെൻറിനെ ഉപദേശിക്കുന്ന ആവശ്യത്തിന് കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, കേന്ദ്രവകഫ് കൗൺസിൽ എന്ന് പേർ പറയുന്ന ഒരു കൗൺസിൽ സ്ഥാപിക്കാവുന്നതാണ്.

(2) കൗൺസിലിൽ, ഒരു ചെയർമാനും — അദ്ദേഹം വകഫിന്റെ ചാർജ് വഹിക്കുന്ന യൂണിയൻ മന്ത്രിയായിരിക്കണം — എണ്ണത്തിൽ ഇരുപതിൽ കവിയാത്ത കേന്ദ്ര ഗവൺമെൻറ് നിയമിക്കാവുന്ന മററ് അംഗങ്ങളും അടങ്ങിയിരിക്കുന്നതാകുന്നു.

(3) കൗൺസിലിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധിയും, അവരുടെ കർത്തവ്യങ്ങൾ നിറവേററുന്നതിൽ അവർ അനുസരിക്കേണ്ട നടപടിക്രമവും, അവരുടെ ഇടയിലുള്ള യാദൃച്ഛിക ഒഴിവുകൾ നികത്തേണ്ടരീതിയും, കേന്ദ്ര ഗവൺമെൻറ് ഉണ്ടാക്കുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന വിധത്തിലായിരിക്കുന്നതാണ്.

കൗൺസിലിന്റെ ധനകാര്യം.

8ഖ. (1) ഏതൊരു ബോർഡും, അതിന്റെ വകഫ് ഫണ്ടിൽ നിന്ന് 46-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ അംശദായം നൽകേണ്ടത് ഏത് വകഫ് സംബന്ധിച്ചാണോ ആ വകഫിന്റെ അററവാർഷികാദായത്തിന്റെ മൊത്തസംഖ്യയുടെ ഒരു ശതമാനത്തിനു തുല്യമായ അംശദായം, കൗൺസിലിന് പ്രതിവർഷം നല്കേണ്ടതാണ് ;

എന്നാൽ, ബോർഡ്, ഏതെങ്കിലും പ്രത്യേക വകഫിന്റെ സംഗതിയിൽ, 46-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ ആ വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ അതിനു നല്കേണ്ട അംശദായം മുഴുവനും ഇളവ് ചെയ്തിട്ടുള്ളിടത്ത്, ഈ വകുപ്പിൻകീഴിൽ കൗൺസിലിന് നല്കേണ്ട അംശദായം കണക്കാക്കുന്നതിനു, അങ്ങനെയുള്ള ഇളവ് അനുവദിച്ചിട്ടുള്ളത് ഏത് വകഫ് സംബന്ധിച്ചാണോ ആ വകഫിന്റെ വാർഷികാദായം കണക്കിലെടുക്കേണ്ടതില്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ കൗൺസിലിന് ലഭിക്കുന്ന എല്ലാ പണവും സംഭാവനകളോ, ദാനങ്ങളോ, ഗ്രാന്റുകളോ ആയി അത് സ്വീകരിക്കുന്ന മറ്റെല്ലാ പണവും, കേന്ദ്ര വകഫ് ഫണ്ട് എന്ന് പറയുന്ന ഒരു ഫണ്ടായിത്തീരുന്നതാണ്.

(3) ഇതിലേയ്ക്ക് കേന്ദ്ര ഗവൺമെന്റ് ഉണ്ടാക്കാവുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, കേന്ദ്ര വകഫ് ഫണ്ട്, കൗൺസിലിന്റെ നിയന്ത്രണത്തിൻകീഴിലായിരിക്കേണ്ടതും, കൗൺസിലിന് യുക്തമെന്ന് തോന്നാവുന്ന ആവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്നതുമാണ്.

8ഗ. (1) കൗൺസിൽ, അതിന്റെ അക്കൗണ്ടുകൾ സംബന്ധിച്ച്, കേന്ദ്ര ഗവൺമെന്റ് ഉണ്ടാക്കുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട ഫാറത്തിലും, രീതിയിലും അക്കൗണ്ടുബുക്കുകളും മററ് ബുക്കുകളും വച്ചു പോരുന്നതിന് ഇടയാക്കേണ്ടതാണ്.

**അക്കൗണ്ടുകളും ആഡിററും.**

(2) കൗൺസിലിന്റെ അക്കൗണ്ടുകൾ, കേന്ദ്ര ഗവൺമെന്റ് നിയമിക്കാവുന്ന ആഡിററർമാർ വർഷംതോറും ആഡിററു ചെയ്യുകയും പരിശോധന നടത്തുകയും ചെയ്യേണ്ടതാണ്.

(3) ആഡിററ് ചെലവുകൾ കേന്ദ്ര വകഫ് ഫണ്ടിൽ നിന്നും നല്കേണ്ടതാണ്.

8ഘ. (1) കേന്ദ്ര ഗവൺമെന്റ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ അദ്ധ്യായത്തിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

**ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനുള്ള അധികാരം.**

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധത്തിലും, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാ വിഷയങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(ക) കൗൺസിലിലെ അംഗങ്ങളുടെ ഉദ്യോഗ കാലാവധിയും, അവരുടെ കർത്തവ്യങ്ങൾ നിറവേററുന്നതിൽ അനുസരിക്കേണ്ട നടപടിക്രമവും അവരുടെ ഇടയിലുള്ള യാദൃച്ഛിക ഒഴിവുകൾ നികത്തേണ്ട രീതിക്കും ;

(ഖ) കേന്ദ്ര വകഫ് ഫണ്ടിൻമേലുള്ള നിയന്ത്രണവും അതിന്റെ വിനിയോഗവും ;

(ഗ) കൗൺസിലിന്റെ അക്കൗണ്ടുകൾ വച്ചു പോരേണ്ട ഫാറവും രീതിയും.

(3) ഈ അദ്ധ്യായത്തിൻ കീഴിൽ കേന്ദ്ര ഗവൺമെന്റ് ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതു ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസകാലത്തേയ്ക്ക് വയ്ക്കേണ്ടതും, അത് അപ്രകാരം വയ്ക്കപ്പെട്ട സമ്മേളനമോ അതിനുതൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് ഇരു സഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതുസംഗതിപോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവമുണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു ; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പുചെയ്ത എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.

## അദ്ധ്യായം III

## ബോർഡുകൾ സ്ഥാപിക്കലും അവയുടെ കർത്തവ്യങ്ങളും

9. (1) ഇതിലേയ്ക്ക് സ്റേററ് ഗവൺമെന്റ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന തീയതി മുതൽ പ്രഭാവത്തോടുകൂടി ആ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന പേരിൽ വകഫുകളുടെ ഒരു ബോർഡ് സ്ഥാപിക്കേണ്ടതാണ്.

**ഏകാംഗീകരണം.**

(1ക) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും സ്റ്റേറ്റിലുള്ള ശിയാവകഫുകൾ, എണ്ണത്തിൽ ആ സ്റ്റേറ്റിലുള്ള എല്ലാ വകഫുകളുടെയും പതിനഞ്ചു ശതമാനത്തിൽ കൂടുതലായിത്തീരുകയാണെങ്കിലോ അല്ലെങ്കിൽ ആ സ്റ്റേറ്റിലുള്ള ശിയാവകഫുകളുടെ വസ്തുവിൽനിന്നുള്ള ആദായം ആ സ്റ്റേറ്റിലെ എല്ലാ വകഫുകളുടെയും വസ്തുക്കളിൽനിന്നുള്ള ആകെ ആദായത്തിന്റെ പതിനഞ്ചു ശതമാനത്തിൽ കൂടുതലായിത്തീരുകയാണെങ്കിലോ, സ്റ്റേറ്റ് ഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി ആ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന പേരുകളിൽ സുന്നിവകഫുകൾക്കും ശിയാവകഫുകൾക്കും ഓരോ വകഫ് ബോർഡുകൾ സ്ഥാപിക്കാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ, ആ സ്റ്റേറ്റിന് ബാധകമാക്കുന്നതിൽ, പട്ടികയിൽ വിനിർദ്ദേശിച്ച ഭേദഗതികൾ വരുത്തിയിട്ടുണ്ടായിരുന്നാലെന്നപോലെ പ്രഭാവമുണ്ടായിരിക്കുന്നതുമാണ്;

(2) ബോർഡ്, വസ്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി അങ്ങനെയുള്ള ഏതെങ്കിലും വസ്തു കൈമാററം ചെയ്യുന്നതിനുമുള്ള അധികാരത്തോടുകൂടി ശാശ്വതമായ പിന്തുടർച്ചാവകാശവും പൊതുമുദ്രയുമുള്ള ഒരു ഏകാംഗീകൃതനികായമായിരിക്കുന്നതും അത് മുൻപറഞ്ഞ പേരിൽ വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യാവുന്നതുമാണ്.

ബോർഡിന്റെ ഘടന.

10. (1) ബോർഡിൽ—

(ക) ഒരു സ്റ്റേറ്റിന്റെയും ഡൽഹി യൂണിയൻ രാജ്യക്ഷേത്രത്തിന്റെയും സംഗതിയിൽ, പതിനൊന്ന് അംഗങ്ങളും ;

(ഖ) മറേറതെങ്കിലും യൂണിയൻ രാജ്യക്ഷേത്രത്തിന്റെ സംഗതിയിൽ, അഞ്ച് അംഗങ്ങളും,

അടങ്ങിയിരിക്കുന്നതാണ്.

(2) ബോർഡിന് ഒരു ചെയർമാൻ ഉണ്ടായിരിക്കുന്നതും, അദ്ദേഹത്തെ അംഗങ്ങൾ അവരുടെ ഇടയിൽ നിന്നുതന്നെ തിരഞ്ഞെടുക്കുന്നതുമാണ്.

അംഗങ്ങളുടെ നിയമനം.

11. ബോർഡിലെ അംഗങ്ങളെ, സ്റ്റേറ്റ് ഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, താഴെപ്പറയുന്ന ഏതെങ്കിലും ഒന്നോ അതിലധികമോ ആളുകളുടെ വിഭാഗത്തിൽ നിന്നും നിയമിക്കേണ്ടതാണ്, അതായത് :—

(ക) സ്റ്റേറ്റ് നിയമനിർമ്മാണ മണ്ഡലത്തിലെ അംഗങ്ങളും സ്റ്റേറ്റിനെ പ്രതിനിധാനം ചെയ്യുന്ന പാർലമെന്റ് അംഗങ്ങളും ;

(ഖ) മുസ്ലീം നിയമത്തിൽ പരിജ്ഞാനമുള്ളവരും സ്റ്റേറ്റ് ജാമെയിത്ത്-ഉൾ-ഉലാമാ-ഇ-ഹിന്ദ് അല്ലെങ്കിൽ സ്റ്റേറ്റ് ഷിയാകോൺഫ്റൻസ് തുടങ്ങിയ സമാജങ്ങളെ പ്രതിനിധാനം ചെയ്യുന്നവരുമായ ആളുകൾ ; (അങ്ങനെയുള്ള ആളുകൾ ഹനാഫി, അഹൽ-ഹാദിസ് അല്ലെങ്കിൽ ഷിഫായി ആയിരുന്നാലും)

(ഗ) ഭരണത്തിലോ, ധനകാര്യത്തിലോ നിയമത്തിലോ പരിജ്ഞാനമുള്ള ആളുകൾ ;

(ഘ) സ്റ്റേറ്റിനുള്ളിൽ സ്ഥിതി ചെയ്യുന്ന വകഫുകളുടെ മുതവല്ലിമാർ :

എന്നാൽ, യാതൊരു സംഗതിയിലും ഒന്നിലധികം മുതവല്ലിയെ ബോർഡിലേയ്ക്ക് നിയമിക്കാൻ പാടുള്ളതല്ല :

എന്നുമാത്രമല്ല, ബോർഡിലെ സുന്നി അംഗങ്ങളുടെയും ഷിയാ അംഗങ്ങളുടെയും എണ്ണം നിശ്ചയിക്കുന്നതിൽ, സ്റ്റേറ്റ് ഗവൺമെന്റ് ബോർഡ് ഭരിക്കേണ്ട സുന്നിവകഫുകളുടേയും ശിയാവകഫുകളുടെയും എണ്ണവും മൂല്യവും പരിഗണിക്കേണ്ടതാണ്.

ഉദ്യോഗ കാലാവധി.

12. ബോർഡിലെ അംഗങ്ങൾ അഞ്ചുവർഷക്കാലം ഉദ്യോഗം വഹിക്കേണ്ടതാണ്:

എന്നാൽ, ഒരംഗത്തിന്, തന്റെ ഉദ്യോഗ കാലാവധി കഴിഞ്ഞാൽ തന്നെയും, തന്റെ പിൻഗാമിയുടെ നിയമനം ഔദ്യോഗിക ഗസററിൽ വിജ്ഞാപനം ചെയ്യുന്നതുവരെ, ഉദ്യോഗം തുടർന്ന് വഹിക്കാവുന്നതാണ്.

ബോർഡിലെ ഒരംഗമായി നിയമിക്കുന്നതിനോ തുടരുന്നതിന്നോ ഉള്ള അയോഗ്യതകൾ.

13. ഒരാൾ—

(ക) അയാൾ, ഒരു മുസ്ലീം അല്ലാതിരിക്കുകയും ഇരുപത്തൊന്നു വയസ്സിൽ കുറഞ്ഞ പ്രായമുള്ളവനായിരിക്കുകയും ആണെങ്കിലോ ;

(ഖ) അയാൾ, ചിത്തഭ്രമമുള്ള ഒരാളാണെന്ന് കാണപ്പെടുകയാണെങ്കിലോ ;

(ഗ) അയാൾ ഒരു അവിമുക്ത നിർദ്ധനനാണെങ്കിലോ ;

(ഘ) അയാൾ, സാൻമാർഗ്ഗികാധഃപതനമുൾക്കൊള്ളുന്ന ഒരു കുററത്തിന് ശിക്ഷിക്കപ്പെടുകയാണെങ്കിലോ ;

(ങ) അയാളെ, മുമ്പ് ഏതെങ്കിലും സന്ദർഭത്തിൽ ഒരു അംഗത്തിന്റെ സ്ഥാനത്തുനിന്ന് നീക്കം ചെയ്തിട്ടുണ്ടായിരിക്കയോ അല്ലെങ്കിൽ ദുർഭരണമോ അഴിമതിയോ കാരണത്താൽ ഏതെങ്കിലും വിശ്വസ്ത പദവിയിൽ നിന്ന് ക്ഷമതയുള്ള ഒരു കോടതിയുടെ വിധിയാൽ നീക്കം ചെയ്യപ്പെടുകയോ ആണെങ്കിലോ ;

ബോർഡിലെ ഒരംഗമായി നിയമിക്കുന്നതിനോ ആ നിലയിൽ തുടരുന്നതിനോ അയോഗ്യനായിരിക്കുന്നതാണ്.

ബോർഡിന്റെ യോഗങ്ങൾ.

14. (1) ബോർഡ് അതിന്റെ ബിസിനസ്സ് നടത്തുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന സമയങ്ങളിലും സ്ഥലങ്ങളിൽവച്ചും യോഗം ചേരേണ്ടതാണ്.

(2) ചെയർമാനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ അംഗങ്ങൾ അവരുടെ ഇടയിൽനിന്നുതന്നെ തിരഞ്ഞെടുക്കുന്ന ഏതെങ്കിലും അംഗമോ ബോർഡിന്റെ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ബോർഡിന്റെ ഏതെങ്കിലും യോഗത്തിനു മുമ്പാകെ വരുന്ന എല്ലാ പ്രശ്നങ്ങളും, സന്നിഹിതരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷവോട്ടിനാൽ തീരുമാനിക്കപ്പെടേണ്ടതും, വോട്ടുകൾ തുല്യമായി വരുന്ന സംഗതിയിൽ, ചെയർമാനോ, അല്ലെങ്കിൽ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന മറ്റേതെങ്കിലും ആളിനോ ഒരു രണ്ടാം വോട്ടോ അല്ലെങ്കിൽ ഒരു നിർണ്ണായകവോട്ടോ ഉണ്ടായിരിക്കുന്നതുമാണ്.

ബോർഡിന്റെ പ്രവർത്തനങ്ങൾ.

15. (1) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കാവുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി സ്റ്റേറ്റിലെ എല്ലാ വകഫുകളുടേയും പൊതുമേൽനോട്ടം, ആ സ്റ്റേറ്റിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതും, അതിന്റെ മേൽനോട്ടത്തിൻകീഴിലുള്ള വകഫുകൾ ശരിയായി നടത്തിപ്പോരുകയും നിയന്ത്രിക്കപ്പെടുകയും, ഭരിക്കപ്പെടുകയും, അതിന്റെ ആദായം അങ്ങനെയുള്ള വകഫുകൾ സൃഷ്ടിക്കപ്പെടുകയോ ഉദ്ദേശിക്കപ്പെടുകയോ ചെയ്യുന്ന ലക്ഷ്യങ്ങൾക്കും ആവശ്യങ്ങൾക്കും മുറപ്രകാരം വിനിയോഗിക്കുകയും ചെയ്യുന്നുവെന്ന് സുനിശ്ചിതമാക്കത്തക്കവണ്ണം ഈ ആക്റ്റിൻ കീഴിലുള്ള അതിന്റെ അധികാരങ്ങൾ പ്രയോഗിക്കേണ്ടത് ബോർഡിന്റെ കർത്തവ്യമായിരിക്കുന്നതുമാണ്:

എന്നാൽ, ഏതെങ്കിലും വകഫ് സംബന്ധിച്ച് ഈ ആക്റ്റിൻകീഴിലുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിൽ, ബോർഡ്, വകഫിന്റെ നിദേശങ്ങൾക്കും വകഫിന്റെ ആവശ്യങ്ങൾക്കും മുസ്ലീം നിയമം അനുവദിച്ചിട്ടുള്ള വകഫിന്റെ ഏതെങ്കിലും ആചാരത്തിനോ വഴക്കത്തിനോ അനുരൂപമായി പ്രവർത്തിക്കേണ്ടതാണ്.

(2) മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്കു ഭംഗംവരാതെ—

(ക) ഏതൊരു വകഫിന്റെയും ഉൽഭവം, ആദായം, ലക്ഷ്യം, ഗുണഭോക്താക്കൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന ഒരു രേഖ സൂക്ഷിക്കുന്നതും ;

(ഖ) വക ഫുകളുടെ ആദായവും മറ്റു വസ്തുക്കളും അങ്ങനെയുള്ള വകഫുകൾ സൃഷ്ടിക്കപ്പെടുകയോ ഉദ്ദേശിക്കപ്പെടുകയോ ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾക്കും ആവശ്യങ്ങൾക്കും വിനിയോഗിക്കുമെന്നുള്ളത് സുനിശ്ചിതമാക്കുന്നതും ;

(ഗ) വകഫുകളുടെ ഭരണത്തിന് നിദേശങ്ങൾ നൽകുന്നതും ;

(ഘ) ഒരു വകഫിന്റെ നടത്തിപ്പിന് പദ്ധതികൾ നിശ്ചയിക്കുന്നതും :

എന്നാൽ, അങ്ങനെയുള്ള യാതൊരു നിശ്ചയവും അത് ബാധകമായിട്ടുള്ള കക്ഷികൾക്ക് പറയാനുള്ളതു പറയാൻ ഒരവസരം നൽകാതെ, ചെയ്യാൻ പാടുള്ളതല്ല ;

(ങ) (i) വകഫിന്റെ ലക്ഷ്യങ്ങൾക്കു സംഗതമായി വകഫിന്റെ അധികാദായത്തിന്റെ വിനിയോഗവും ;

(ii) ഏതെങ്കിലും ലിഖിതമായ പ്രമാണത്തിൽ നിന്നു ലക്ഷ്യങ്ങൾ വ്യക്തമല്ലാത്ത വകഫിന്റെ ആദായം വിനിയോഗിക്കേണ്ട രീതിയും ;

(iii) ഏതെങ്കിലും സംഗതിയിൽ, ഒരു വകഫിന്റെ ഏതെങ്കിലും ലക്ഷ്യം നിലവിലില്ലാതായിത്തീരുകയോ അത് നേടിയെടുക്കുന്നത് അസാദ്ധ്യമായിത്തീരുകയോ ചെയ്യുന്നിടത്ത്, ആ ലക്ഷ്യത്തിനു മുമ്പു വിനിയോഗിച്ച വകഫിന്റെ അത്രത്തോളമുള്ള ആദായം ആദ്യത്തെ ലക്ഷ്യത്തിനു സമാനമായിട്ടുള്ളതോ അല്ലെങ്കിൽ പ്രായോഗികമാകുന്നിടത്തോളം അടുത്തുവരുന്നത്ര സമാനമായിട്ടുള്ളതോ ആയ മറ്റേതെങ്കിലും ലക്ഷ്യത്തിനു വിനിയോഗിക്കേണ്ടതാണെന്നും നിദേശിക്കുന്നതും :

എന്നാൽ, ഈ ഖണ്ഡത്തിൻകീഴിലുള്ള യാതൊരു നിദേശവും അതു ബാധകമായിട്ടുള്ള കക്ഷികൾക്ക് പറയാനുള്ളതു പറയാൻ ഒരവസരം നൽകാതെ നൽകാൻ പാടുള്ളതല്ല ;

<u>വിശദീകരണം</u> :— ഈ ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക്, ബോർഡിന്റെ അധികാരങ്ങൾ,—

(i) ഒരു സുന്നിവകഫിന്റെ സംഗതിയിൽ, ബോർഡിലെ സുന്നി അംഗങ്ങൾ മാത്രവും ;

(ii) ഒരു ശിയാവകഫിന്റെ സംഗതിയിൽ, ബോർഡിലെ ശിയാ അംഗങ്ങൾ മാത്രവും ;

പ്രയോഗിക്കേണ്ടതാണ് :

എന്നാൽ, ബോർഡിലെ സുന്നി അല്ലെങ്കിൽ ശിയാ അംഗങ്ങളുടെ എണ്ണവും മറ്റു പരിതഃസ്ഥിതികളും പരിഗണിച്ചുകൊണ്ട് അങ്ങനെയുള്ള അംഗങ്ങൾ മാത്രം അതിന്റെ അധികാരം പ്രയോഗിക്കാൻ പാടില്ലെന്ന് ബോർഡിനു തോന്നുന്നിടത്ത്, അതതുസംഗതിപോലെ, അതിനു യുക്തമെന്നു തോന്നുന്ന സുന്നികളോ ശിയാകളോ ആയ മറ്റു മുസ്ലീംമുകളെ, ഈ ഖണ്ഡത്തിൻകീഴിലുള്ള അതിന്റെ അധികാരങ്ങൾ പ്രയോഗിക്കുന്നതിന് ബോർഡിലെ താൽക്കാലിക അംഗങ്ങളായി കോ-ആപ്റ്റു ചെയ്യാവുന്നതാണ് ;

(ച) മുതവല്ലിമാർ സമർപ്പിച്ച ബഡ്ജറ്റുകൾ സൂക്ഷ്മപരിശോധന നടത്തുകയും അംഗീകരിക്കുകയും വകഫുകളുടെ അക്കൗണ്ടുകൾ ആഡിറ്റു ചെയ്യുന്നതിനു ഏർപ്പാടു ചെയ്യുകയും ചെയ്യുന്നതും ;

(ഛ) ഈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് മുതവല്ലിമാരെ നിയമിക്കുകയും നീക്കം ചെയ്യുകയും ചെയ്യുന്നതും ;

(ജ) ഏതെങ്കിലും വകഫിന്റെ നഷ്ടപ്പെട്ട വസ്തുക്കൾ വീണ്ടെടുക്കുന്നതിന് നടപടികൾ എടുക്കുന്നതും ;

(ഝ) വകഫുകൾ സംബന്ധിച്ച് നിയമക്കോടതിയിൽ വ്യവഹാരങ്ങളും നടപടികളും ആരംഭിക്കുകയും പ്രതിവാദം ചെയ്യുകയും ചെയ്യുന്നതും ;

(ഞ) 36 ക വകുപ്പ് ആവശ്യപ്പെടുന്നപ്രകാരം, വില്പനയോ, ഇഷ്ടദാനമോ, പണയമോ, വിനിമയമോ, പാട്ടമോ വഴി ഒരു വകഫിന്റെ സ്ഥാവര വസ്തുവിന്റെ ഏതെങ്കിലും കൈമാററം മുസ്ലീം നിയമം അനുസരിച്ച് അനുവദിക്കുന്നതും ;

എന്നാൽ, അങ്ങനെയുള്ള ഇടപാടിന് അനുകൂലമായി കുറഞ്ഞത് ബോർഡിലെ മൂന്നിൽ രണ്ട് ഭാഗം അംഗങ്ങൾ വോട്ടുചെയ്യാത്തപക്ഷം, അങ്ങനെയുള്ള യാതൊരു അനുവാദവും നൽകാൻ പാടുള്ളതല്ല ;

(ട) വകഫ് ഫണ്ടിന്റെ ഭരണം നടത്തുന്നതും ;

(ഠ) വകഫ് വസ്തുക്കൾ സംബന്ധിച്ച്, അതതുസമയം ബോർഡ് ആവശ്യപ്പെടാവുന്ന റിട്ടേണുകളും, സ്ഥിതിവിവരക്കണക്കുകളും, അക്കൗണ്ടുകളും, മററുവിവരങ്ങളും മുതവല്ലിമാരിൽനിന്നും ആവശ്യപ്പെടുന്നതും ;

(ഡ) വകഫ് വസ്തുക്കളോ അക്കൗണ്ടുകളോ രേഖകളോ കരണങ്ങളോ അവയും അതുസംബന്ധിച്ച രേഖകളും പരിശോധിക്കുകയോ അല്ലെങ്കിൽ പരിശോധന നടത്തിക്കുകയോ ചെയ്യുന്നതും ;

(ഢ) വകഫുകളുടേയും വകഫ് വസ്തുക്കളുടേയും സ്വഭാവവും വ്യാപ്തിയും സംബന്ധിച്ച് അന്വേഷണം നടത്തുകയും നിശ്ചയിക്കുകയും ആവശ്യമുള്ളപ്പോഴെല്ലാം വകഫ് വസ്തുക്കളുടെ ഒരു സർവ്വേ നടത്തിക്കുകയും ചെയ്യുന്നതും ;

(ണ) സാമാന്യമായി വകഫുകളുടെ യഥാവിധിയുള്ള നിയന്ത്രണത്തിനും നടത്തിപ്പിനും ഭരണത്തിനും ആവശ്യകമായ എല്ലാ പ്രവൃത്തികളും ചെയ്യുന്നതും, ബോർഡിന്റെ പ്രവർത്തനങ്ങൾ ആയിരിക്കുന്നതാണ്.

(3) ബോർഡ് (2)-ാം ഉപവകുപ്പ് (ഘ) ഖണ്ഡത്തിൻകീഴിൽ ഏതെങ്കിലും ഭരണപദ്ധതി നിശ്ചയിക്കുകയോ, അല്ലെങ്കിൽ (2)-ാം ഉപവകുപ്പ് (ങ) ഖണ്ഡത്തിൻകീഴിൽ ഏതെങ്കിലും നിദേശം നല്കുകയോ ചെയ്തിട്ടുള്ളിടത്ത്, വകഫിൽ അവകാശബന്ധമുള്ളതോ അഥവാ അങ്ങനെയുള്ള നിശ്ചയമോ നിദേശമോ കാരണത്താൽ ബാധിക്കപ്പെട്ടിട്ടുള്ളതോ ആയ ഏതെങ്കിലും ആൾ, അങ്ങനെയുള്ള നിശ്ചയമോ നിദേശമോ അസ്ഥിരപ്പെടുത്തുന്നതിന് ക്ഷമതയോടുകൂടിയ അധികാരിതയുള്ള സിവിൽ കോടതിയിൽ ഒരു വ്യവഹാരം ആരംഭിക്കാവുന്നതും സിവിൽ കോടതിയുടെ അതിൻമേലുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

ബോർഡിന്റെ കമ്മിററികൾ.

16. (1) ബോർഡ്, ആവശ്യകമാണെന്ന് കരുതുമ്പോഴെല്ലാം, സാമാന്യമായോ അല്ലെങ്കിൽ ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടിയോ അല്ലെങ്കിൽ ഏതെങ്കിലും വിനിർദ്ദിഷ്ട പ്രദേശത്തിനോ പ്രദേശങ്ങൾക്കോ വേണ്ടിയോ വകഫുകളുടെ മേൽനോട്ടം വഹിക്കുന്നതിന് കമ്മിററികൾ സ്ഥാപിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള കമ്മിററികളുടെ ഘടനയും ചുമതലകളും കർത്തവ്യങ്ങളും ബോർഡ്, അതതുസമയം നിശ്ചയിക്കുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള കമ്മിററികളിലെ അംഗങ്ങൾ ബോർഡിലെ അംഗങ്ങളായിരിക്കേണ്ട ആവശ്യമില്ല.

ചെയർമാന്റെയും അംഗങ്ങളുടേയും രാജി.

17. ചെയർമാനോ മറേറതെങ്കിലും അംഗത്തിനോ സ്വഹസ്താക്ഷരത്തിലുള്ള ലിഖിതത്താൽ സ്റേററ് ഗവൺമെൻറിനെ സംബോധന ചെയ്തുകൊണ്ട് തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ് :

എന്നാൽ, ചെയർമാനോ അംഗങ്ങളോ, തന്റെ പിൻഗാമിയുടെ നിയമനം ഔദ്യോഗിക ഗസററിൽ വിജ്ഞാപനം ചെയ്യുന്നതുവരെ ഉദ്യോഗത്തിൽ തുടരേണ്ടതാകുന്നു.

ചെയർമാനെയും അംഗങ്ങളേയും നീക്കം ചെയ്യൽ.

18. (1) സ്റേററ് ഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി ബോർഡിന്റെ ചെയർമാനേയോ അല്ലെങ്കിൽ അതിലെ ഏതെങ്കിലും അംഗത്തേയോ, അയാൾ—

(ക) 13-ാം വകുപ്പിൽ വിനിർദ്ദേശിച്ച ഏതെങ്കിലും അയോഗ്യതകൾക്കു വിധേയനായിരിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും അയോഗ്യതയ്ക്ക് വിധേയനായിത്തീരുകയോ ; അല്ലെങ്കിൽ

(ഖ) പ്രവർത്തിക്കാൻ വിസമ്മതിക്കുകയോ അല്ലെങ്കിൽ പ്രവർത്തിക്കാൻ കഴിവില്ലാത്തവനായിത്തീരുകയോ അല്ലെങ്കിൽ അയാൾ നൽകുന്ന ഏതെങ്കിലും വിശദീകരണം കേട്ടതിനുശേഷം വകഫുകളുടെ താൽപര്യങ്ങൾക്ക് ഭംഗംവരുത്തുന്നതാണെന്നു സ്റേററ് ഗവൺമെൻറ് കരുതുന്ന രീതിയിൽ പ്രവർത്തിക്കുകയോ ; അല്ലെങ്കിൽ

(ഗ) ബോർഡിന്റെ അഭിപ്രായത്തിൽ മതിയായ കാരണം കൂടാതെ, ബോർഡിന്റെ തുടർച്ചയായ മൂന്നുയോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ ; ചെയ്യുകയാണെങ്കിൽ, നീക്കം ചെയ്യാവുന്നതാണ്.

(2) ബോർഡിന്റെ ചെയർമാനെ (1)-ാം ഉപവകുപ്പിൻകീഴിൽ നീക്കം ചെയ്യുന്നിടത്തു, അയാൾ ബോർഡിലെ ഒരംഗമല്ലാതായിത്തീരുന്നതു കൂടിയാണ്.

19. ഒരു അംഗത്തിന്റെ സ്ഥാനം, നീക്കം ചെയ്യലോ, രാജിയോ, മരണമോ കാരണത്താലോ അല്ലെങ്കിൽ മററുവിധത്തിലോ ഒഴിവാകുമ്പോൾ, അയാളുടെ സ്ഥാനത്തേയ്ക്ക് ഒരു പുതിയ അംഗത്തെ നിയമിക്കേണ്ടതും ആരുടെ സ്ഥാനമാണോ അയാൾ നികത്തുന്നതു, ആ അംഗത്തിന് അങ്ങനെയുള്ള ഒഴിവു, ഉണ്ടായിട്ടില്ലായിരുന്നുവെങ്കിൽ ഉദ്യോഗം വഹിക്കുന്നതിന് അവകാശമുണ്ടാകുമായിരുന്ന കാലത്തോളം, അങ്ങനെയുള്ള അംഗം ഉദ്യോഗം വഹിക്കുന്നതുമാണ്.

ഒഴിവു നികത്തൽ.

20. ബോർഡിലെ അംഗങ്ങളുടെ ഇടയിൽ ഏതെങ്കിലും ഒഴിവുണ്ടെന്നോ അതിന്റെ രൂപീകരണത്തിൽ ഏതെങ്കിലും ന്യൂനതയുണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം ബോർഡിന്റെ യാതൊരു പ്രവൃത്തിയോ നടപടിയോ അസാധുവാകുന്നതല്ല.

അംഗങ്ങളുടെ ഇടയിലുള്ള ഒഴിവുകളോ അല്ലെങ്കിൽ രൂപീകരണത്തിലുള്ള ന്യൂനതയോ ബോർഡിന്റെ പ്രവൃത്തികളേയോ നടപടികളേയോ അസാധുവാക്കുന്നതല്ലെന്ന്

21. (1) ബോർഡിന്, ഒരു സെക്രട്ടറി ഉണ്ടായിരിക്കുന്നതും അദ്ദേഹം ഒരു മുസ്ലീം ആയിരിക്കേണ്ടതും അദ്ദേഹത്തെ, സ്റേററ് ഗവൺമെൻറ് ബോർഡുമായി ആലോചിച്ചു, നിയമിക്കേണ്ടതുമാകുന്നു.

(2) സെക്രട്ടറി, ബോർഡിലെ മുഖ്യനിർവ്വാഹകോദ്യോഗസ്ഥൻ ആയിരിക്കുന്നതും, അതിന്റെ ഭരണപരമായ നിയന്ത്രണത്തിൻകീഴിലായിരിക്കുന്നതുമാണ്.

(3) ബോർഡ്, ഈ ആക്ററിൻകീഴിൽ അതിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനു ആവശ്യകമെന്നു കരുതാവുന്ന മററു ഉദ്യോഗസ്ഥന്മാരേയും ജീവനക്കാരേയും നിയമിക്കാവുന്നതാകുന്നു.

ബോർഡിലെ സെക്രട്ടറിയും മററ് ഉദ്യോഗസ്ഥന്മാരും.

22. ബോർഡ്, സാമാന്യമോ പ്രത്യേകമോ ആയ ലിഖിതമായ ഉത്തരവുവഴി ആവശ്യകമെന്നു അതു കരുതാവുന്ന ഈ ആക്ററിൻകീഴിലുള്ള അതിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും, ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന ഉപാധികളും പരിമിതികളും ഏതെങ്കിലുമുള്ളവയ്ക്ക് വിധേയമായി ചെയർമാനോ മറേറതെങ്കിലും അംഗത്തിനോ, സെക്രട്ടറിക്കോ, അല്ലെങ്കിൽ ബോർഡിലെ മറേറതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും കമ്മിററിക്കോ പ്രത്യായോജനം ചെയ്യാവുന്നതാണ്.

പ്രത്യായോജനം ചെയ്യൽ.

23. (1) ബോർഡ്, അതിന്റെ നടപടികളോ അതിന്റെ സൂക്ഷിപ്പിലുള്ള മററു രേഖകളോ പരിശോധിക്കുന്നതിന് അനുവദിക്കാവുന്നതും, നിർണ്ണയിക്കപ്പെടാവുന്ന ഫീസ് നല്കുന്നതിൻമേലും അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായും അതിന്റെ പകർപ്പുകൾ നല്കാവുന്നതും ആകുന്നു.

(2) ഈ വകുപ്പിൻകീഴിൽ നല്കപ്പെടുന്ന എല്ലാ പകർപ്പുകളും, ഇൻഡ്യൻ തെളിവു ആക്ററ്, 1872 ലെ 76-ാം വകുപ്പിൽ വ്യവസ്ഥചെയ്യുന്ന രീതിയിൽ ബോർഡിന്റെ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാകുന്നു.

(3) (2)-ാം ഉപവകുപ്പിൻകീഴിൽ സെക്രട്ടറിക്കു നല്കപ്പെട്ട അധികാരങ്ങൾ, ബോർഡ്, ഇതിലേയ്ക്ക് ഒന്നുകിൽ സാമാന്യമായോ അല്ലെങ്കിൽ പ്രത്യേകമായോ പ്രാധികാരപ്പെടുത്തുന്ന ബോർഡിലെ മററു ഉദ്യോഗസ്ഥനോ ഉദ്യോഗസ്ഥന്മാർക്കോ കൂടി പ്രയോഗിക്കാവുന്നതാണ്.

രേഖകളുടെ പരിശോധനയും പകർപ്പുകൾ നല്കലും.
(1872-ലെ 1)

24. ബോർഡിലെ ചെയർമാന്റെയും അംഗങ്ങളുടേയും ഉദ്യോഗങ്ങൾ, അവ വഹിക്കുന്ന ആളുകളെ, പാർലമെൻറിലെ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെടുന്നതിനോ അല്ലെങ്കിൽ പാർലമെൻറിലെ അംഗങ്ങളായിരിക്കുന്നതിനോ, അയോഗ്യരാക്കുന്നതല്ലാത്തതും ഒരിക്കലും അയോഗ്യരാക്കിയിട്ടുള്ളതായി കരുതാൻ പാടില്ലാത്തതുമാണെന്നു ഇതിനാൽ പ്രഖ്യാപിക്കുന്നു.

പാർലമെൻറ് അംഗത്വത്തിനുള്ള അയോഗ്യത തടയൽ.

## അദ്ധ്യായം IV

## വകഫുകളുടെ രജിസ്ട്രേഷൻ

25. (1) ഈ ആക്ററ് നടപ്പിൽവരുന്നതിനു മുമ്പോ പിമ്പോ സൃഷ്ടിച്ചതായാലും, ഏതൊരു വകഫും, ബോർഡിന്റെ ആഫീസിൽ രജിസ്ററർ ചെയ്യേണ്ടതാണ്.

രജിസ്ട്രേഷൻ.

(2) രജിസ്ട്രേഷനുള്ള അപേക്ഷ മുതവല്ലി കൊടുക്കേണ്ടതാണ്;

എന്നാൽ, അങ്ങനെയുള്ള അപേക്ഷ, വകഫോ അയാളുടെ സന്തതികളോ അല്ലെങ്കിൽ വകഫിന്റെ ഗുണഭോക്താവോ അല്ലെങ്കിൽ വകഫ് ഏതു വിഭാഗത്തിൽപ്പെട്ടിരിക്കുന്നുവോ ആ വിഭാഗത്തിൽപ്പെട്ട ഏതെങ്കിലും മുസ്ലീമോ കൊടുക്കാവുന്നതാകുന്നു.

(3) രജിസ്ററർ ചെയ്യുന്നതിനുള്ള അപേക്ഷ, ബോർഡ് നിർണ്ണയിക്കാവുന്ന ഫാറത്തിലും രീതിയിലും അങ്ങനെയുള്ള സ്ഥലത്തു വച്ചും കൊടുക്കേണ്ടതും, അതിൽ, കഴിയുന്നിടത്തോളം, താഴെപറയുന്ന വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്—

(ക) വകഫ് വസ്തുക്കൾ തിരിച്ചറിയുന്നതിനു അവയെക്കുറിച്ചുള്ള മതിയായ വിവരണം;

(ഖ) അങ്ങനെയുള്ള വസ്തുക്കളിൽനിന്നുള്ള മൊത്ത വാർഷികാദായം ;

(ഗ) വകഫ് വസ്തുക്കൾ സംബന്ധിച്ചു പ്രതിവർഷം കൊടുക്കേണ്ട ഭൂമിക്കരത്തിന്റേയും സെസ്സുകളുടേയും എല്ലാ നിരക്കുകളുടേയും നികുതികളുടേയും തുക ;

(ഘ) വകഫ് വസ്തുക്കളുടെ ആദായം വസൂലാക്കുന്നതിൽ വർഷംതോറും നേരിടുന്ന ചെലവുകളുടെ മതിപ്പുതുക ;

(ങ) വകഫിൻ കീഴിൽ—

(i) മുതവല്ലിയുടെ ശമ്പളത്തിനും വ്യക്തികൾക്കുള്ള ബത്തകൾക്കും ;

(ii) തികച്ചും മതപരമായ ആവശ്യങ്ങൾക്കും ;

(iii) ധർമ്മാർത്ഥ ആവശ്യങ്ങൾക്കും ;

(iv) മറേറതെങ്കിലും ആവശ്യങ്ങൾക്കും ; വേണ്ടി നീക്കിവച്ച തുക ;

(ച) ബോർഡ് നിർണ്ണയിക്കുന്ന മറേറതെങ്കിലും വിവരങ്ങൾ.

(4) അങ്ങനെയുള്ള ഏതൊരു അപേക്ഷയും വകഫ് കരണത്തിന്റെ ഒരു പകർപ്പോടുകൂടി അയയ്ക്കേണ്ടതും അങ്ങനെയുള്ള യാതൊരു കരണവും ഒപ്പിട്ടു പൂർത്തീകരിക്കാതിരിക്കുകയോ അല്ലെങ്കിൽ അതിന്റെ ഒരു പകർപ്പ് ലഭിക്കുവാൻ സാദ്ധ്യമാകാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ വകഫിന്റെ ഉൽഭവവും സ്വഭാവവും ലക്ഷ്യങ്ങളും സംബന്ധിച്ച് അപേക്ഷകനു അറിയാവുന്നിടത്തോളമുള്ള പൂർണ്ണമായ വിവരങ്ങൾ അതിൽ അടങ്ങിയിരിക്കേണ്ടതുമാണ്.

(5) (2)-ാം ഉപവകുപ്പിൻകീഴിൽ കൊടുത്ത ഏതൊരു അപേക്ഷയിലും വാദപ്രതിവാദ രേഖകളിൽ ഒപ്പിടുകയും അതു സത്യബോധപ്പെടുത്തുകയും ചെയ്യുന്നതിനു സിവിൽ നടപടിനിയമസംഹിത 1908 ൽ വ്യവസ്ഥചെയ്യുന്ന 1908-ലെ5 രീതിയിൽ, അപേക്ഷകൻ ഒപ്പിടുകയും സത്യബോധപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(6) ബോർഡ് ആവശ്യകമെന്ന് കരുതാവുന്ന വീണ്ടുമുള്ള ഏതെങ്കിലും വിവരങ്ങളോ അറിവോ നൽകുന്നതിനു അതു അപേക്ഷകനോടു ആവശ്യപ്പെടാവുന്നതാണ്.

(7) രജിസ്ട്രേഷനുള്ള ഒരു അപേക്ഷ ലഭിക്കുന്നതിൻമേൽ, ബോർഡ്, വകഫ് രജിസ്ററർ ചെയ്യുന്നതിനു മുമ്പ്, അപേക്ഷയുടെ യഥാർത്ഥതയും സാധുതയും അതിലെ ഏതെങ്കിലും വിവരങ്ങളുടെ കൃത്യതയും സംബന്ധിച്ച് അതിന് യുക്തമെന്നു തോന്നുന്ന അന്വേഷണവിചാരണകൾ നടത്താവുന്നതും, വകഫ് വസ്തു ഭരിക്കുന്ന ആളല്ലാത്ത മറേറതെങ്കിലും ആൾ ആ അപേക്ഷ കൊടുക്കുമ്പോൾ, ബോർഡ്, വകഫ് രജിസ്ററർ ചെയ്യുന്നതിനുമുമ്പ് വകഫ് വസ്തുവിന്റെ ഭരണം നടത്തുന്ന ആളിന്, അപേക്ഷയെക്കുറിച്ചുള്ള നോട്ടീസ് നൽകേണ്ടതും അയാൾ പറയുവാനുള്ളതു പറയുവാൻ ആഗ്രഹിക്കുകയാണെങ്കിൽ അതു കേൾക്കേണ്ടതുമാകുന്നു.

(8) ഈ ആക്ററിന്റെ പ്രാരംഭത്തിനു മുമ്പ് രൂപീകരിച്ച വകഫുകളുടെ സംഗതിയിൽ, രജിസ്ട്രേഷനുള്ള എതൊരു അപേക്ഷയും, അങ്ങനെയുള്ള പ്രാരംഭം മുതൽ മൂന്നു മാസത്തിനകവും, അങ്ങനെയുള്ള പ്രാരംഭത്തിനുശേഷം രൂപീകരിച്ച വകഫുകളുടെ സംഗതിയിൽ, വകഫ് രൂപീകരിച്ച തീയതി മുതൽ മൂന്നു മാസത്തിനകവും കൊടുക്കേണ്ടതാണ്,

വകഫുകളുടെ രജിസ്ററർ.

26. ബോർഡു വകഫുകളുടെ ഒരു രജിസ്ററർ സൂക്ഷിക്കേണ്ടതും, അതിൽ, ലഭ്യമാകുമ്പോൾ, ഓരോ വകഫും സംബന്ധിച്ചുള്ള വകഫ് കരണങ്ങളുടെ പകർപ്പുകളും താഴെപറയുന്ന വിവരങ്ങളും അടങ്ങിയിരിക്കേണ്ടതുമാണ്, അതായത് :—

(ക) വകഫിന്റെ തരം ;

(ഖ) മുതവല്ലിയുടെ പേര് ;

(ഗ) വകഫു കരണത്തിൻകീഴിലോ ആചാരത്താലോ വഴക്കത്താലോ മുതവല്ലിയുടെ സ്ഥാനത്തേയ്ക്കുള്ള പിൻതുടർച്ച ചട്ടങ്ങൾ ;

(ഘ) എല്ലാ വകഫ് വസ്തുക്കളുടേയും അവസംബന്ധിച്ച എല്ലാ ഉടമാവകാശപ്രമാണങ്ങളുടേയും രേഖകളുടേയും വിവരങ്ങൾ.

(ങ) രജിസ്ററർ ചെയ്യുന്ന സമയത്തുള്ള ഭരണപദ്ധതിയുടേയും വ്യയപദ്ധതിയുടേയും വിവരങ്ങൾ ;

(ച) നിർണ്ണയിക്കപ്പെടാവുന്ന മററു വിവരങ്ങൾ.

ഒരു വസ്തു വകഫ് വസ്തു ആണോ എന്ന തീരുമാനം.

27. (1) ബോർഡിനു തന്നെ വകഫ് വസ്തുവാണെന്നു വിശ്വസിക്കുവാൻ കാരണമുള്ള ഏതെങ്കിലും വസ്തു സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാവുന്നതും, ഒരു പ്രത്യേക വസ്തു വകഫ് വസ്തു വാണോ അല്ലയോ എന്നോ അല്ലെങ്കിൽ ഒരു വകഫ് സുന്നിവകഫ് ആണോ ശിയാ വകഫ് ആണോ എന്നോ ഉള്ള ഏതെങ്കിലും പ്രശ്നം ഉദിക്കുന്നതായാൽ. അതിനുയുക്തമെന്ന് തോന്നാവുന്ന അന്വേഷണവിചാരണകൾ നടത്തിയതിനുശേഷം, ആപ്രശ്നം തീരുമാനിക്കാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഏതെങ്കിലും പ്രശ്നത്തിൻമേലുള്ള ബോർഡിന്റെ തീരുമാനം, ക്ഷമതയോടുകൂടിയ അധികാരിതയുള്ള ഒരു സിവിൽ ക്കോടതി ദുർബലപ്പെടുത്തുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാത്തപക്ഷം അന്തിമമായിരിക്കുന്നതാണ്.

*വകഫ് രജിസ്റ്റർ ചെയ്യിക്കുകയും രജിസ്റ്റർ ഭേദഗതി ചെയ്യുകയും ചെയ്യാനുള്ള അധികാരം.*

28. ബോർഡ്, ഒരു വകഫിന്റെ രജിസ്ട്രേഷനു അപേക്ഷിക്കുന്നതിനോ അല്ലെങ്കിൽ ഒരു വകഫ് സംബന്ധിച്ചു ഏതെങ്കിലും വിവരം നൽകുന്നതിനോ മുതവല്ലിയോട് നിർദേശിക്കാവുന്നതോ അല്ലെങ്കിൽ അതിനുതന്നെ വകഫ് രജിസ്റ്റർ ചെയ്യിക്കാവുന്നതോ ഏതെങ്കിലും സമയത്തു വകഫുകളുടെ രജിസ്റ്റർ ഭേദഗതി ചെയ്യാവുന്നതോ ആകുന്നു.

*രജിസ്റ്റർ ചെയ്ത വകഫുകളിൽ മാററം സംബന്ധിച്ചുള്ള വിജ്ഞാപനം.*

29. (1) മുതവല്ലിയുടെ മരണമോ, സ്ഥാനമൊഴിയലോ നീക്കം ചെയ്യലോ കാരണത്താൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വകഫിന്റെ നടത്തിപ്പിലുള്ള ഏതെങ്കിലും മാററത്തിന്റെ സംഗതിയിൽ അടുത്തുവരുന്ന മുതവല്ലി ഉടനടിയും, മററേതെങ്കിലും ആളും, ആ മാററം ബോർഡിനെ അറിയിക്കേണ്ടതാണ്.

(2) 25-ാം വകുപ്പിൽ പറഞ്ഞ വിവരങ്ങളിൽ ഏതിലെങ്കിലുമുള്ള മററേതെങ്കിലും മാററത്തിന്റെ സംഗതിയിൽ, മുതവല്ലി ആ മാററമുണ്ടായതു മുതൽ മൂന്നു മാസത്തിനകം അങ്ങനെയുള്ള മാററം ബോർഡിനെ അറിയിക്കേണ്ടതാണ്.

*ഒഴിവാക്കലുകൾ.*

30. ഈ അദ്ധ്യായത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ടിന്റെ പ്രാരംഭത്തിന് മുമ്പ് തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ ഏതെങ്കിലും വകഫ് രജിസ്റ്റർ ചെയ്തിട്ടുള്ളിടത്തു, ഈ ആക്ടിലെ വ്യവസ്ഥകൾക്കുകീഴിൽ വകഫ് രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ലാത്തതും, അങ്ങനെയുള്ള പ്രാരംഭത്തിനുമുമ്പ് ചെയ്ത അങ്ങനെയുള്ള ഏതെങ്കിലും രജിസ്ട്രേഷൻ ഈ ആക്ടിൻകീഴിൽ ചെയ്ത രജിസ്ട്രേഷൻ ആയി കരുതപ്പെടേണ്ടതുമാകുന്നു.

## അദ്ധ്യായം V

## മുതവല്ലിമാരും വകഫ് അക്കൗണ്ടുകളും

*ബഡ്ജററ്.*

31. ഒരു വകഫിന്റെ ഏതൊരു മുതവല്ലിയും, ഓരോ വർഷത്തിലും, നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും അങ്ങനെയുള്ള സമയത്തും, അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് ആ സാമ്പത്തിക വർഷത്തെ മതിക്കപ്പെട്ട വരവുകളും ചെലവുകളും കാണിച്ചുകൊണ്ടു ഒരു ബഡ്ജററ് തയ്യാറാക്കേണ്ടതും അംഗീകാരത്തിനുവേണ്ടി അതു ബോർഡിനു സമർപ്പിക്കേണ്ടതുമാണ്.

*വകഫുകളുടെ അക്കൗണ്ടുകൾ സമർപ്പിക്കൽ.*

32. (1) ഏതൊരു മുതവല്ലിയും ക്രമപ്രകാരമുള്ള അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്.

(2) 25-ാം വകുപ്പിൽ പറഞ്ഞ അപേക്ഷ കൊടുത്തിട്ടുള്ള തീയതിക്ക് തൊട്ടടുത്തുവരുന്ന മേയ് ഒന്നാം തീയതിക്കുമുമ്പും, അതിനുശേഷം എല്ലാ വർഷവും മേയ് 1-ാം തീയതിക്കുമുമ്പും, അതതു സംഗതിപോലെ, മാർച്ച് 31-ാം തീയതികൊണ്ട് അവസാനിക്കുന്ന പന്ത്രണ്ട് മാസക്കാലത്തോ അല്ലെങ്കിൽ ഈ ആക്ടിലെ വ്യവസ്ഥകൾ മുൻപറഞ്ഞ കാലാവധിയുടെ ഏതു ഭാഗത്തിലാണോ വകഫിനു ബാധകമായിട്ടുള്ളതു ആ കാലത്തോ വകഫിനുവേണ്ടി മുതവല്ലി കൈപ്പററിയതോ ചെലവാക്കിയതോ ആയ എല്ലാ പണത്തിന്റെയും കണക്കുകളുടെ പൂർണ്ണവും സത്യവുമായ ഒരു സ്റ്റേററുമെന്റ്, ബോർഡ് നിർണ്ണയിക്കാവുന്ന ഫാറത്തിലും അങ്ങനെയുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും വകഫിന്റെ ഏതൊരു മുതവല്ലിയും തയാറാക്കുകയും ബോർഡിനു നൽകുകയും ചെയ്യേണ്ടതാകുന്നു :

എന്നാൽ, വാർഷിക അക്കൗണ്ടുകൾ തീർക്കേണ്ട തീയതി ബോർഡിന്റെ യുക്തംപോലെ വ്യത്യാസപ്പെടുത്താവുന്നതാണ്.

*വകഫുകളുടെ അക്കൗണ്ടുകൾ ആഡിററു ചെയ്യൽ.*

33. (1) 32-ാം വകുപ്പിൻകീഴിൽ ബോർഡിനു സമർപ്പിക്കപ്പെട്ട വകഫുകളുടെ അക്കൗണ്ടുകൾ, വർഷംതോറുമോ അല്ലെങ്കിൽ ബോർഡ് നിശ്ചയിക്കാവുന്ന മററ് ഇടവേളകളിലോ ബോർഡ് നിയമിക്കുന്ന ഒരു ആഡിററർ ആഡിററു ചെയ്യുകയും പരിശോധന നടത്തുകയും ചെയ്യേണ്ടതാണ്.

(2) ആഡിററർ, തന്റെ റിപ്പോർട്ട് ബോർഡിനു സമർപ്പിക്കേണ്ടതും, ആഡിററുടെ റിപ്പോർട്ടിൽ മററു കാര്യങ്ങളുടെ കൂട്ടത്തിൽ, ക്രമരഹിതമോ നിയമവിരുദ്ധമോ അനുചിതമോ ആയ എല്ലാ ചെലവിനങ്ങളും അല്ലെങ്കിൽ ഉപേക്ഷയാലോ നടപടിദൂഷ്യത്താലോ പണമോ മററു വസ്തുവോ വസൂലാക്കുന്നതിനു വരുത്തിയ വീഴ്ചയേയോ, റിപ്പോർട്ടു ചെയ്യേണ്ടതാവശ്യമാണെന്ന് ആഡിററർ കരുതുന്ന മററേതെങ്കിലും വിഷയവും വിനിർദ്ദേശിക്കേണ്ടതും, ആ റിപ്പോർട്ടിൽ, ആഡിററുടെ അഭിപ്രായത്തിൽ, അങ്ങനെയുള്ള ചെലവിനോ വീഴ്ചയ്ക്കോ ഉത്തരവാദിയായ ഏതെങ്കിലും ആളുടെ പേരുകൂടി ഉൾപ്പെടുത്തേണ്ടതും അങ്ങനെയുള്ള ഏതൊരു സംഗതിയിലും, അങ്ങനെയുള്ള ആളിൽനിന്നു കിട്ടേണ്ട ചെലവിന്റെയോ നഷ്ടത്തിന്റെയോ തുക ആഡിററർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

(3) വകഫിന്റെ അക്കൗണ്ടുകൾ ആഡിററു ചെയ്യാനുള്ള ചെലവുകൾ വകഫ് ഫണ്ടിൽനിന്നും നല്കേണ്ടതാണ്.

*ആഡിററുടെ റിപ്പോർട്ടിൻമേൽ ബോർഡ് ഉത്തരവുകൾ പാസ്സാക്കേണ്ടതാണെന്ന്.*

34. ബോർഡ് ആഡിററുടെ റിപ്പോർട്ട് പരിശോധിക്കേണ്ടതും, അതിൽ പറയുന്ന ഏതെങ്കിലും വിഷയം സംബന്ധിച്ച് ഏതെങ്കിലും ആളുടെ വിശദീകരണം ആവശ്യപ്പെടാവുന്നതും, അതിനു യുക്തമെന്നു തോന്നുന്ന ഉത്തരവുകൾ ആ റിപ്പോർട്ടിൻമേൽ പാസ്സാക്കേണ്ടതുമാണെന്ന്.

**കിട്ടാനുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തിയ തുകകൾ ഭൂനികുതി കുടിശ്ശികപോലെ വസൂലാക്കാമെന്ന്.**

35. (1) ഏതെങ്കിലും ആളിൽനിന്ന് കിട്ടാനുള്ളതാണെന്ന് 33-ാം വകുപ്പിൻകീഴിലുള്ള തന്റെ റിപ്പോർട്ടിൽ ആഡിറ്റർ സാക്ഷ്യപ്പെടുത്തുന്ന ഏതൊരു തുകയും, അങ്ങനെയുള്ള സർട്ടിഫിക്കറ്റ്, 34-ാം വകുപ്പിൻകീഴിൽ ചെയ്ത ബോർഡിന്റെ ഒരു ഉത്തരവുവഴി രൂപഭേദപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യാത്തപക്ഷം, രൂപഭേദപ്പെടുത്തിയ സർട്ടിഫിക്കറ്റിൻമേൽ കിട്ടാനുള്ള ഏതൊരു തുകയും ബോർഡ് അതിലേയ്ക്ക് പുറപ്പെടുവിക്കുന്ന ഒരു ഡിമാന്റ് നടത്തിയതിനുശേഷം അറുപതു ദിവസത്തിനകം അങ്ങനെയുള്ള ആൾ കൊടുക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് അങ്ങനെയുള്ള പണം കൊടുക്കൽ നടത്തുന്നില്ലെങ്കിൽ കൊടുക്കേണ്ട തുക, ബന്ധപ്പെട്ട ആൾക്ക് പറയാനുള്ളത് പറയാൻ ഒരവസരം നൽകിയതിനുശേഷം ബോർഡ് നല്കുന്ന ഒരു സർട്ടിഫിക്കറ്റിൻമേൽ ഭൂനികുതി കുടിശ്ശികപോലെ അതേ രീതിയിൽ വസൂലാക്കാവുന്നതാണ്.

**മുതവല്ലിമാരുടെ കർത്തവ്യങ്ങൾ.**

36. (ക) ബോർഡിന്റെ നിദേശങ്ങൾ നടപ്പാക്കുകയും ;

(ഖ) ബോർഡ്, അതതു സമയം ആവശ്യപ്പെടാവുന്ന റിട്ടേണുകൾ നല്കുകയും അങ്ങനെയുള്ള അറിവുകളോ വിവരങ്ങളോ നല്കുകയും ;

(ഗ) വകഫ് വസ്തുക്കളുടേയോ അല്ലെങ്കിൽ അവ സംബന്ധിച്ച അക്കൗണ്ടുകളുടേയോ റിക്കാർഡുകളുടേയോ കരണങ്ങളുടേയോ രേഖകളുടേയോ പരിശോധന അനുവദിക്കുകയും ;

(ഘ) എല്ലാ പൊതുക്കടങ്ങളും വീട്ടുകയും ;

(ങ) ഈ ആക്റ്റിനാലോ ഈ ആക്റ്റിൻകീഴിലോ നിയമാനുസരണം ചെയ്യുന്നതിന് ആവശ്യപ്പെടുന്ന മറ്റേതെങ്കിലും പ്രവൃത്തി ചെയ്യുകയും,

ചെയ്യേണ്ടത് ഏതൊരു മുതവല്ലിയുടേയും കർത്തവ്യമായിരിക്കുന്നതാണ്.

**വകഫിന്റെ സ്ഥാവര വസ്തുക്കൾ കൈമാറ്റം ചെയ്യൽ.**

36 ക. വകഫ് കരണത്തിന് എന്തുതന്നെ അടങ്ങിയിരുന്നാലും—

(i) വില്പനയോ, ഇഷ്ടദാനമോ, പണയമോ, വിനിമയമോ ; അല്ലെങ്കിൽ

(ii) കാർഷിക ഭൂമിയുടെ സംഗതിയിൽ, മൂന്നുവർഷത്തിൽ കവിഞ്ഞ കാലത്തേയ്ക്കോ അല്ലെങ്കിൽ കാർഷികേതര ഭൂമിയുടേയോ കെട്ടിടത്തിന്റെയോ സംഗതിയിൽ ഒരു വർഷത്തിൽ കവിഞ്ഞ കാലത്തേയ്ക്കോ ഉള്ള പാട്ടമോ,

ആയുള്ള വകഫിന്റെ ഏതെങ്കിലും സ്ഥാവരവസ്തുക്കൾ സംബന്ധിച്ച യാതൊരു കൈമാറ്റവും ബോർഡിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ സാധുവായിരിക്കുന്നതല്ല.

**36 ക വകുപ്പ് ഉല്ലംഘിച്ചുകൊണ്ട് കൈമാറ്റം ചെയ്ത വകഫ് വസ്തുക്കൾ വീണ്ടെടുക്കൽ.**

36ഖ. (1) 26-ാം വകുപ്പിൻകീഴിൽ വച്ചുപോരുന്ന വകഫുകളുടെ രജിസ്റ്ററിൽ സ്ഥാവരവസ്തുവായി ചേർത്തിട്ടുള്ള ഒരു വകഫിന്റെ ഏതെങ്കിലും സ്ഥാവരവസ്തു, 36 ക. വകുപ്പിലെ വ്യവസ്ഥകൾ ഉല്ലംഘിച്ചുകൊണ്ട് ബോർഡിന്റെ മുൻകൂട്ടിയുള്ള അനുവാദംകൂടാതെ കൈമാറ്റം ചെയ്തിട്ടുണ്ടെന്ന്, നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള ഒരു അന്വേഷണ വിചാരണ നടത്തിയതിനുശേഷം, ബോർഡിന് ബോദ്ധ്യമാവുകയാണെങ്കിൽ, അതിന്, ആ വസ്തുവിന്റെ കൈവശാവകാശം ലഭ്യമാക്കി, അതിന് ഏൽപ്പിച്ചുകൊടുക്കുവാനായി ആ വസ്തു ഏതു കളക്ടറുടെ ആ അധികാരിതയ്ക്കുള്ളിലാണോ സ്ഥിതി ചെയ്യുന്നത് ആ കളക്ടർക്ക് ഒരു അഭ്യർത്ഥന അയച്ചുകൊടുക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു അഭ്യർത്ഥന ലഭിക്കുന്നതിൻമേൽ, ഉത്തരവു നടത്തുന്ന തീയതി മുതൽ മുപ്പതു ദിവസക്കാലത്തിനകം ആ വസ്തു ബോർഡിനെ ഏല്പിച്ചുകൊടുക്കുവാൻ വസ്തു കൈവശമുള്ള ആളോട് നിദേശിച്ചുകൊണ്ട് കളക്ടർ ഒരു ഉത്തരവ് പാസ്സാക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പുപ്രകാരം പാസ്സാക്കിയ ഏതൊരുത്തരവും—

(ക) ഉത്തരവ് ആർക്കാണോ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് ആ ആൾക്ക് നൽകികൊണ്ടോ സമർപ്പിച്ചുകൊണ്ടോ അല്ലെങ്കിൽ അത് തപാൽവഴി അയച്ചുകൊണ്ടോ

അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ആളെ കണ്ടുപിടിക്കാൻ സാധിക്കുന്നില്ലെങ്കിൽ അയാളുടെ ഒടുവിലത്തെ താമസസ്ഥലമോ ബിസിനസ്സ് സ്ഥലമോ ആയി അറിയപ്പെടുന്നിടത്ത് ശ്രദ്ധയാകർഷിക്കുന്ന ഏതെങ്കിലും സ്ഥലത്ത് ഉത്തരവു പതിച്ചുകൊണ്ടോ അല്ലെങ്കിൽ അയാളുടെ കുടുംബത്തിലെ പ്രായപൂർത്തിയെത്തിയ ഏതെങ്കിലും പുരുഷാംഗത്തിനോ ജോലിക്കാരനോ ഉത്തരവു നൽകികൊണ്ടോ അല്ലെങ്കിൽ നൽകാൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ടോ അല്ലെങ്കിൽ അത് ഏത് വസ്തുവിനെ സംബന്ധിച്ചുള്ളതാണോ ആ വസ്തുവിൽ ശ്രദ്ധയാകർഷിക്കുന്ന ഏതെങ്കിലും സ്ഥലത്ത് പതിപ്പിച്ചുകൊണ്ടോ ;

നടത്തേണ്ടതാണ് :

എന്നാൽ, ആരുടെമേലാണോ ഉത്തരവു നടത്തേണ്ടത്, ആ ആൾ ഒരു മൈനറായിരിക്കുന്നിടത്ത്, അയാളുടെ രക്ഷകർത്താവിന്റെ മേലോ അല്ലെങ്കിൽ അയാളുടെ കുടുംബത്തിലെ ഏതെങ്കിലും പുരുഷാംഗത്തിന്റെയോ ജോലിക്കാരന്റെയോ മേലോ നടത്തുന്നത് ആ മൈനരുടെ മേൽ നടത്തുന്നതായി കരുതപ്പെടേണ്ടതാകുന്നു.

(4) (2)-ാം ഉപവകുപ്പിൻകീഴിലുള്ള കളക്ടരുടെ ഉത്തരവു മുഖേന സങ്കടമുള്ള ഏതൊരാൾക്കും ഉത്തരവു നടത്തുന്ന തീയതി മുതൽ മുപ്പതു ദിവസക്കാലത്തിനകം, ആ വസ്തു ഏത് ജില്ലാക്കോടതിയുടെ അധികാരിതക്കുള്ളിലാണോ സ്ഥിതിചെയ്യുന്നത് ആ ജില്ലാക്കോടതിയിലേയ്ക്ക് അപ്പീൽ കൊടുക്കാവുന്നതും

അങ്ങനെയുള്ള അപ്പീലിൻമേലുള്ള ജില്ലാക്കോടതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

വിശദീകരണം.—ഈ ഉപവകുപ്പിൽ "ജില്ലാക്കോടതി" എന്നാൽ ഒരു സിററി സിവിൽക്കോടതിയുള്ള ഏതെങ്കിലും പ്രദേശത്തിന് ആ കോടതി എന്നും, മററേതെങ്കിലും പ്രദേശത്ത്, ആദ്യവിചാരണാധികാരമുള്ള പ്രിൻസിപ്പൽ സിവിൽക്കോടതി എന്നും, അർത്ഥമാകുന്നു.

(5) (2)-ാം ഉപവകുപ്പിൻകീഴിൽ പാസ്സാക്കിയ ഒരു ഉത്തരവ് അനുസരിക്കാതിരിക്കുകയും അങ്ങനെയുള്ള ഉത്തരവിനെതിരായി അപ്പീൽ കൊടുക്കുന്നതിനുള്ള സമയം അപ്പീൽ കൊടുക്കാതെ കഴിഞ്ഞിട്ടുണ്ടായിരിക്കുകയോ അല്ലെങ്കിൽ ആ സമയത്തിനുള്ളിൽ കൊടുത്ത അപ്പീൽ, ഏതെങ്കിലുമുള്ളതു തള്ളിക്കളഞ്ഞിട്ടുണ്ടായിരിക്കയോ ചെയ്യുകയും ചെയ്യുന്നിടത്ത്, കളക്ററർ, ഏതു വസ്തു സംബന്ധിച്ചാണോ ഉത്തരവ് ചെയ്തിട്ടുള്ളത് ആ വസ്തു അതിലേയ്ക്ക് ആവശ്യകമാകാവുന്ന ഏതെങ്കിലും ബലം പ്രയോഗിച്ചുകൊണ്ട് കൈവശം എടുക്കേണ്ടതും അത് ബോർഡിന് ഏൽപ്പിച്ചുകൊടുക്കേണ്ടതുമാകുന്നു.

(6) ഈ വകുപ്പിൻകീഴിലുള്ള തന്റെ അധികാരങ്ങൾ പ്രയോഗിക്കുന്നതിൽ, ഇതിലേയ്ക്ക് സ്റേറററ്ഗവൺമെൻറ് ഉണ്ടാക്കാവുന്ന ചട്ടങ്ങൾ കളക്ടർക്ക് മാർഗ്ഗദർശകമായിരിക്കുന്നതാണ്.

**വകഫ് വസ്തുവിന്റെ ആദായത്തിൽ നിന്ന് ചില ചെലവുകൾ വഹിക്കുന്നതിന് മുതവല്ലിക്ക് അവകാശമുണ്ടെന്ന്.**

37. വകഫ് കരണത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതൊരു മുതവല്ലിക്കും, 25-ാം വകുപ്പിൻകീഴിലുള്ള ഏതെങ്കിലും വിവരങ്ങളോ, രേഖകളോ, പകർപ്പുകളോ അല്ലെങ്കിൽ 32-ാം വകുപ്പിൻകീഴിലുള്ള ഏതെങ്കിലും അക്കൗണ്ടുകളോ അല്ലെങ്കിൽ ബോർഡ് ആവശ്യപ്പെടുന്ന ഏതെങ്കിലും വിവരങ്ങളോ, രേഖകളോ നൽകുന്നതിന് അയാൾക്ക് കഴിവുണ്ടാക്കുന്ന ആവശ്യത്തിനോ അല്ലെങ്കിൽ ബോർഡിന്റെ നിദേശങ്ങൾ നടപ്പാക്കുവാൻ അയാൾക്ക് കഴിവുണ്ടാക്കുന്ന ആവശ്യത്തിനോ ഉചിതമായി അയാൾക്ക് നേരിട്ട ഏതെങ്കിലും ചെലവുകൾ വകഫ് വസ്തുവിന്റെ ആദായത്തിൽനിന്നു കൊടുക്കാവുന്നതാണ്.

**മുതവല്ലി കൊടുക്കാത്ത സംഗതിയിൽ കൊടുക്കാനുള്ളത് കൊടുക്കുന്നതിനു ബോർഡിനുള്ള അധികാരം.**

38. (1) ഗവൺമെൻറിനോ അല്ലെങ്കിൽ ഏതെങ്കിലും തദ്ദേശാധികാര സ്ഥാപനത്തിനോ നൽകേണ്ട ഏതെങ്കിലും ഭൂമിക്കരമോ സെസ്സോ നിരക്കുകളോ നികുതികളോ കൊടുക്കുന്നതിന് മുതവല്ലി വിസമ്മതിക്കുകയോ അല്ലെങ്കിൽ കൊടുക്കാതിരിക്കുകയോ ചെയ്യുന്നിടത്ത്, ബോർഡ് വകഫ് ഫണ്ടിൽനിന്ന് ആ തുക കൊടുത്തുതീർക്കാവുന്നതും അപ്രകാരം കൊടുത്ത തുക വകഫ് വസ്തുവിൽനിന്ന് വസൂലാക്കാവുന്നതും അപ്രകാരം കൊടുത്ത തുകയുടെ പന്ത്രണ്ടരശതമാനത്തിൽ കവിയാത്ത നഷ്ടപരിഹാരംകൂടി വസൂലാക്കാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ കിട്ടാനുള്ള ഏതെങ്കിലും പണത്തുക ബന്ധപ്പെട്ട മുതവല്ലിക്ക് പറയാനുള്ളതു പറയാൻ ഒരവസരം നൽകിയതിനു ശേഷം, ബോർഡു നൽകിയ ഒരു സർട്ടിഫിക്കററിൻമേൽ, ഭൂനികുതി കുടിശ്ശിക പോലെ അതേ രീതിയിൽ വസൂലാക്കാവുന്നതാണ്.

**കരുതൽ നിധി സൃഷ്ടിക്കൽ.**

39. ഗവൺമെൻറിനോ അല്ലെങ്കിൽ ഏതെങ്കിലും തദ്ദേശാധികാര സ്ഥാനത്തിനോ കൊടുക്കേണ്ട പാട്ടവും കരവും സെസ്സും നിരക്കുകളും നികുതികളും കൊടുക്കുന്നതിനും വകഫ് വസ്തുക്കളുടെ റിപ്പയർ ചെയ്യുന്നതിനുള്ള ചെലവുകൾ കൊടുത്തു തീർക്കുന്നതിനും വകഫ് വസ്തു സംരക്ഷിക്കുന്നതിനും തുക കൊള്ളിക്കേണ്ട ആവശ്യത്തിന്, ബോർഡ് അതിന് യുക്തമെന്നു തോന്നുന്ന രീതിയിൽ വകഫിന്റെ ആദായത്തിൽനിന്നു ഒരു കരുതൽനിധി സൃഷ്ടിക്കുകയും വച്ചുപോരുകയും ചെയ്യുന്നതിന് നിദേശിക്കാവുന്നതാണ്.

**സമയം നീട്ടിക്കൊടുക്കൽ.**

40. ഈ ആക്ററിൻകീഴിൽ മുതവല്ലിയാൽ ഏതെങ്കിലും പ്രവൃത്തി ഏതു സമയത്തിനുള്ളിലാണോ ചെയ്യപ്പെടുന്നതിന് ആവശ്യപ്പെടുന്നത് ആ സമയം നീട്ടികൊടുക്കുന്നത് ആവശ്യമാണെന്ന് ബോർഡിന് ബോദ്ധ്യമാവുകയാണെങ്കിൽ, അതിന് അപ്രകാരം ചെയ്യാവുന്നതാണ്.

**ശിക്ഷകൾ.**

41. (1) ഒരു മുതവല്ലി—

(ക) ഒരു വകഫ് രജിസ്ററർ ചെയ്യുന്നതിന് അപേക്ഷിക്കുന്നതിനോ ;

(ഖ) ഈ ആക്ററ് ആവശ്യപ്പെടുന്ന പ്രകാരം ഉള്ള വിവരങ്ങളുടേയോ അക്കൗണ്ടുകളുടേയോ റിട്ടേണുകളുടേയോ സ്റേററുമെൻറുകൾ നൽകുന്നതിനോ

(ഗ) ബോർഡ് ആവശ്യപ്പെടുന്ന പ്രകാരമുള്ള അറിവുകളോ വിവരങ്ങളോ നൽകുന്നതിനോ ;

(ഘ) വകഫ് വസ്തുക്കളുടേയോ അക്കൗണ്ടുകളുടേയോ രേഖകളുടേയോ കാണങ്ങളുടേയും അവ സംബന്ധിച്ച രേഖകളുടേയുമോ പരിശോധന അനുവദിക്കുന്നതിനോ ;

(ങ) ബോർഡോ കോടതിയോ ഉത്തരവു ചെയ്യുകയാണെങ്കിൽ, ഏതെങ്കിലും വകഫ് വസ്തുവിന്റെ കൈവശം വിട്ടുകൊടുക്കുന്നതിന്നോ ;

(ച) ബോർഡിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്നോ ;

(ഛ) [വിട്ടുകളഞ്ഞു]

(ജ) ഏതെങ്കിലും പബ്ലിക് കടങ്ങൾ വീട്ടുന്നതിന്നോ ;

(ഝ) ഈ ആക്ററിനാലോ അല്ലെങ്കിൽ ഈ ആക്ററിൻകീഴിലോ നിയമാനുസരണം ചെയ്യുന്നതിന് അയാളോടു ആവശ്യപ്പെടുന്ന മററതെങ്കിലും പ്രവൃത്തി

ചെയ്യുന്നതിന്നോ; വീഴ്ച വരുത്തുകയാണെങ്കിൽ, വീഴ്ച വരുത്തിയതിന് ന്യായമായ കാരണമുണ്ടായിരുന്നെന്ന് അയാൾ കോടതിയെ ബോദ്ധ്യപ്പെടുത്താത്തപക്ഷം, അയാൾ, ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(2) ബോർഡോ അല്ലെങ്കിൽ ബോർഡ് ഇതിലേക്ക് യഥാവിധി പ്രാധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ നൽകുന്ന പരാതിയിൻമേലല്ലാതെ, ഈ ആക്ററിൻ കീഴിൽ ശിക്ഷാർഹമായ ഒരു കുററം യാതൊരു കോടതിയും നടപടിക്ക് എടുക്കാൻ പാടുള്ളതല്ല.

(3) പ്രസിഡൻസി മജിസ്ട്രേട്ടിൻേറയോ ഒന്നാം ക്ലാസ് മജിസ്ട്രേട്ടിൻേറയോ കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും ഈ ആക്ററിൻ കീഴിൽ ശിക്ഷാർഹമായ ഏതെങ്കിലും കുററം വിചാരണചെയ്യാൻ പാടുള്ളതല്ല.

ചില സംഗതികളിൽ മുതവല്ലിമാരെ നിയമിക്കാനുള്ള അധികാരം.

42. ഒരു വകഫിൻെറ മുതവല്ലിയുടെ സ്ഥാനത്തേക്ക് ഒരു ഒഴിവുണ്ടായിരിക്കുകയും വകഫിൻെറ കരണത്തിലെ നിബന്ധനകൾക്കുകീഴിൽ നിയമിക്കപ്പെടുന്നതിന്നു ആരുമില്ലായിരിക്കുകയും ചെയ്യുമ്പോഴൊ അല്ലെങ്കിൽ മുതവല്ലിയായി ജോലിനോക്കുന്നതിനുള്ള ഏതെങ്കിലും ആളുടെ അവകാശം ചോദ്യം ചെയ്യപ്പെടുന്നിടത്തോ, ബോർഡിന്, അതിനു യുക്തമെന്നു തോന്നുന്ന കാലത്തേക്കും അങ്ങനെയുള്ള ഉപാധികളിൻമേലും ഏതെങ്കിലും ആളെ മുതവല്ലിയായി ജോലി നോക്കാൻ നിയമിക്കാവുന്നതാണ്.

മുതവല്ലിമാരെ നീക്കം ചെയ്യൽ.

43. (1) മറേറതെങ്കിലും നിയമത്തിലോ വകഫ് കരണത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു മുതവല്ലി—

(ക) 41-ാം വകുപ്പിൻകീഴിൽ ശിക്ഷാർഹമായ ഒരു കുററത്തിന് ഒന്നിലധികം തവണ കുററസ്ഥാപനം ചെയ്യപ്പെടുകയോ; അല്ലെങ്കിൽ

(ഖ) കുററകരമായ ട്രസ്ററ് ലംഘനത്തിനോ അല്ലെങ്കിൽ സൻമാർഗ്ഗികാധഃപ്പതനമുൾക്കൊള്ളുന്ന മറേറതെങ്കിലും കുററത്തിനോ കുററസ്ഥാപനം ചെയ്യപ്പെടുകയോ; അല്ലെങ്കിൽ

(ഗ) വകഫ് വസ്തുക്കൾ ദുർവ്വിനിയോഗം ചെയ്യുകയോ അനുചിതമായി കൈകാര്യം ചെയ്യുകയോ; അല്ലെങ്കിൽ

(ഘ) ചിത്തഭ്രമമുള്ളവനായിരിക്കുകയോ അല്ലെങ്കിൽ ഒരു മുതവല്ലിയുടെ ചുമതലകൾ നിറവേററാനും കർത്തവ്യങ്ങൾ നിർവ്വഹിക്കാനും അയോഗ്യനാക്കിത്തീർക്കുന്ന മാനസികമോ, ശാരീരികമോ ആയ മററു വൈകല്യമോ ദൗർബല്യമോ അനുഭവിക്കുന്നവനായിരിക്കുകയോ; അല്ലെങ്കിൽ

(ങ) ന്യായമായ സമാധാനം കൂടാതെ തുടർച്ചയായ രണ്ടുവർഷക്കാലത്തേക്ക് 46-ാം വകുപ്പിൻകീഴിൽ, താൻ നൽകേണ്ട അംശദായം നൽകാതിരിക്കുകയോ;
ചെയ്യുകയാണെങ്കിൽ, അങ്ങനെയുള്ള മുതവല്ലിയെ അയാളുടെ സ്ഥാനത്തുനിന്നു ബോർഡ് നീക്കം ചെയ്യാവുന്നതാണ്,

(2) ബോർഡോ ഏതെങ്കിലും ആളോ ഒരു നിയമക്കോടതി അല്ലാത്ത അധികാരസ്ഥാനമോ ഏതെങ്കിലും വകഫ് വസ്തു മാനേജ് ചെയ്യുന്നതിനോ അതിൻെറ ഭരണം നടത്തുന്നതിനോ മുതവല്ലിയായി ജോലിനോക്കുന്നതിന് ഒരു കമ്മററിയെ നിയമിക്കുകയും ബോർഡിൻെറ അഭിപ്രായത്തിൽ, കമ്മററിക്ക് ഈ ആക്ററിനാലോ ആക്ററിൻകീഴിലോ അതിൽ ചുമത്തിയ കർത്തവ്യം നിർവ്വഹിക്കാൻ സാധിക്കാതെ വരികയോ അല്ലെങ്കിൽ കർത്തവ്യ നിർവ്വഹണത്തിൽ തുടർച്ചയായി വീഴ്ച വരുത്തുകയോ അല്ലെങ്കിൽ അതിൻെറ അധികാരം അതിക്രമിക്കുകയോ ദുർവിനിയോഗ ചെയ്യുകയോ ചെയ്യുകയും ചെയ്യുന്നിടത്ത് ബോർഡ്, കമ്മററിയെ പുറത്താക്കാവുന്നതും, വകഫ് വസ്തുക്കളുടെ മുതവല്ലിയായി പ്രവർത്തിക്കാൻ മറേറതെങ്കിലും ആളേയോ കമ്മിററിയേയോ നിയമിക്കാവുന്നതുമാണ്.

(3) മുതവല്ലിയുടെ സ്ഥാനത്തുനിന്ന് ഒരാളെ നീക്കം ചെയ്യുന്നത് വകഫ് വസ്തു സംബന്ധിച്ച് ഒരു ഗുണഭോക്താവ് എന്ന നിലയിലോ അല്ലെങ്കിൽ മറേറതെങ്കിലും നിലയിലോ ഉള്ള തൻെറ വ്യക്തിപരമായ അവകാശങ്ങൾ ഏതെങ്കിലുമുള്ളവയേയോ അല്ലെങ്കിൽ സജ്ജാദാനിഷേൻ എന്ന നിലയിലുള്ള തൻെറ അവകാശങ്ങൾ ഏതെങ്കിലുമുള്ളവയേയോ ബാധിക്കുന്നതല്ലെന്ന് സംശയങ്ങൾ നീക്കം ചെയ്യുന്നതിനായി ഇതിനാൽ പ്രഖ്യാപിക്കുന്നു.

(4) നിർണ്ണയിക്കപ്പെട്ട രീതിയിൽ ബോർഡ് ആ വിഷയം സംബന്ധിച്ച് ഒരു അന്വേഷണ വിചാരണ നടത്തുകയും ബോർഡിലെ അംഗങ്ങളുടെ നാലിൽ മൂന്നിൽ കുറയാത്ത ഭൂരിപക്ഷത്താൽ ഒരു തീരുമാനമെടുക്കുകയും ചെയ്യാത്തപക്ഷം (1)-ാം ഉപവകുപ്പിൻേറയോ (2)-ാം ഉപവകുപ്പിൻേറയോ കീഴിൽ, അത് യാതൊരു നടപടിയും എടുക്കാൻ പാടുള്ളതല്ല.

(4 ക) (1)-ാം ഉപവകുപ്പ് (ഗ) മുതൽ (ങ) വരെയുള്ള ഖണ്ഡങ്ങളിൽ ഏതിൻെറയെങ്കിലും കീഴിലോ അല്ലെങ്കിൽ (2)-ാം ഉപവകുപ്പിൻകീഴിലോ പാസ്സാക്കിയ ഒരു ഉത്തരവു മുഖേന സങ്കടമുള്ള ഒരു മുതവല്ലി, താൻ ഉത്തരവ് കൈപ്പററുന്ന തീയതി മുതൽ ഒരു മാസത്തിനകം, ഉത്തരവിനെതിരായി സ്റേററ് ഗവൺമെൻറിന് അപ്പീൽ കൊടുക്കാവുന്നതും, അങ്ങനെയുള്ള അപ്പീലിൻമേലുള്ള സ്റേററ് ഗവൺമെൻറിൻെറ തീരുമാനം അന്തിമമായിരിക്കുന്നതും യാതൊരു നിയമക്കോടതിയിലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു.

(5) ഒരു മുതവല്ലിയെ, (1)-ാം ഉപവകുപ്പിന്റെയോ (2)-ാം ഉപവകുപ്പിന്റെയോ കീഴിൽ അയാളുടെ സ്ഥാനത്തുനിന്നു നീക്കം ചെയ്യുന്നിടത്ത്, ബോർഡ്, ഉത്തരവു വഴി, വകഫ് വസ്തുവിന്റെ കൈവശം ബോർഡിനേയോ അല്ലെങ്കിൽ ഇതിലേയ്ക്ക് യഥാവിധി പ്രാധികാരപ്പെടുത്തിയ അതിലെ ഏതെങ്കിലും ഉദ്യോഗസ്ഥനേയോ അല്ലെങ്കിൽ വകഫ് വസ്തുവിന്റെ മുതവല്ലിയായി പ്രവർത്തിക്കാൻ നിയമിക്കപ്പെടുന്ന ഏതെങ്കിലും ആളെയോ കമ്മിററിയേയോ ഏൽപ്പിച്ചുകൊടുക്കുവാൻ മുതവല്ലിയോട് നിദേശിക്കാവുന്നതും; ബോർഡിന്റെ ഉത്തരവ്, ഒരു സിവിൽക്കോടതിയുടെ വിധിയായി കരുതപ്പെടേണ്ടതും ആ വിധി ഒരു സിവിൽക്കോടതി പാസ്സാക്കിയിട്ടുണ്ടായിരുന്നാലെന്നപോലെ സിവിൽക്കോടതി നടത്തേണ്ടതുമാണ്

(6) ഈ വകുപ്പിൻകീഴിൽ തന്റെ സ്ഥാനത്തുനിന്നു നീക്കം ചെയ്യപ്പെട്ട ഒരു വകഫിന്റെ മുതവല്ലിക്ക്, അങ്ങനെ നീക്കം ചെയ്യപ്പെട്ട തീയതി മുതൽ അഞ്ചുവർഷക്കാലത്തേയ്ക്ക് ആ വകഫിന്റെ മുതവല്ലിയായി നിയമിക്കപ്പെടുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

**ചില വകഫുകളുടെ നേരിട്ടുള്ള മാനേജുമെന്റ് ബോർഡ് ഏറെറടുക്കൽ.**

43ക. (1) 42-ാം വകുപ്പിൻകീഴിലോ അല്ലെങ്കിൽ 43-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിലോ മുതവല്ലിയായുള്ള നിയമനത്തിനു അനുയോജ്യനായ യാതൊരാളേയും കിട്ടാതിരിക്കുന്നിടത്ത് ബോർഡ്, ഔദ്യോഗികഗസററിൽ വിജ്ഞാപനം വഴി ആ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്നമൊത്തം അഞ്ചുവർഷത്തിൽ കവിയാത്ത കാലയളവിലേയ്ക്കോ കാലയളവുകളിലേയ്ക്കോ വകഫിന്റെ നേരിട്ടുള്ള മാനേജുമെന്റ് ഏറെറടുക്കാവുന്നതാണ്.

(2) 33-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ബോർഡിന്റെ നേരിട്ടുള്ള മാനേജുമെന്റിൻകീഴിലുള്ള ഏതൊരു വകഫിന്റെയും അക്കൗണ്ടുകൾ, ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ആക്ററ്, 1949 (1949-ലെ 38)-ന്റെ അർത്ഥത്തിൽ പ്രാക്ററീസ് ചെയ്യുന്ന ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ ഇടയിൽനിന്നു ബോർഡു നിയമിക്കുന്ന ആഡിററർ വർഷംതോറും ആഡിററു ചെയ്യേണ്ടതാകുന്നു.

**അന്വേഷണവിചാരണയ്ക്കുള്ള അപേക്ഷ.**

44. ഒരു വകഫിൽ അവകാശബന്ധമുള്ള ഏതെങ്കിലും ആൾ വകഫിന്റെ ഭരണം സംബന്ധിച്ച് ഒരു അന്വേഷണവിചാരണ ആരംഭിക്കുന്നതിന് ഒരു സത്യവാങ്മൂലത്തിന്റെ പിൻബലത്തോടുകൂടി ഒരു അപേക്ഷ ബോർഡിന് നൽകാവുന്നതും, വകഫിന്റെ കാര്യങ്ങളിൽ ദുർഭരണം നടത്തുകയാണെന്ന് വിശ്വസിക്കുന്നതിനു ന്യായമായ കാരണങ്ങളുണ്ടെന്ന് ബോർഡിന് ബോദ്ധ്യമാകുന്നുവെങ്കിൽ, അത്, അതിൻമേൽ അതിനു യുക്തമെന്നു തോന്നുന്ന നടപടി എടുക്കേണ്ടതുമാകുന്നു.

**ബോർഡിനാലുള്ള അന്വേഷണ വിചാരണ.**

45. (1) ബോർഡ്, ഒന്നുകിൽ 44-ാം വകുപ്പിൻകീഴിൽ ലഭിച്ച അപേക്ഷയിൻമേലോ അല്ലെങ്കിൽ സ്വമേധയായോ ഒരു വകഫ് സംബന്ധിച്ച ഏതെങ്കിലും കാര്യത്തെക്കുറിച്ച്,

(ക) നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ഒരു അന്വേഷണവിചാരണ നടത്തുകയോ; അല്ലെങ്കിൽ

(ഖ) ഒരു അന്വേഷണവിചാരണ നടത്തുന്നതിലേയ്ക്കു ഏതെങ്കിലും ആളെ പ്രാധികാരപ്പെടുത്തുകയോ

ചെയ്യാവുന്നതും അതിനു യുക്തമെന്നു തോന്നുന്ന നടപടി എടുക്കാവുന്നതുമാകുന്നു.

(2) ഈ ആക്ററിൻകീഴിലുള്ള ഏതെങ്കിലും അന്വേഷണവിചാരണയുടെ ആവശ്യത്തിന് ബോർഡിനോ അല്ലെങ്കിൽ ഇതിലേയ്ക്കു അതു പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ആൾക്കോ, സാക്ഷികളെ ഹാജരാക്കിക്കുന്നതിന്നും രേഖകൾ ഹാജരാക്കുന്നതിന്നും സിവിൽ നടപടി നിയമസംഹിത, 1908 ൻ കീഴിൽ ഒരു സിവിൽക്കോടതിയിൽ നിക്ഷിപ്തമായിരിക്കുന്ന അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. (1908-ലെ 5)

## അദ്ധ്യായം VI

## ബോർഡിന്റെ ധനകാര്യം

**ബോർഡിനു കൊടുക്കേണ്ട വാർഷിക അംശദായങ്ങൾ.**

**46.** (1) ഏതൊരു വകഫിന്റെയും മുതവല്ലി, സ്റേററ്ഗവൺമെന്റിന്റെ അനുവാദത്തിനു വിധേയമായി, സ്റേററിൽ വകഫിനുണ്ടാകുന്ന അററ വാർഷികാദായത്തിന്റെ ആറുശതമാനത്തിൽ കവിയാത്ത അതതു സമയം ബോർഡ് നിശ്ചയിക്കാവുന്ന അംശദായം ബോർഡിന് വർഷംതോറും നൽകേണ്ടതാകുന്നു:

എന്നാൽ, അങ്ങനെയുള്ള യാതൊരു അംശദായവും, അററ വാർഷികാദായം നൂറു രൂപയിൽ കവിയാത്ത വകഫിന്റെ മുതവല്ലി കൊടുക്കേണ്ടതില്ലാത്തതാകുന്നു.

(2) ബോർഡ്, ഏതെങ്കിലും പ്രത്യേക വകഫിന്റെ സംഗതിയിൽ, ബോർഡിന് യുക്തമെന്നു തോന്നുന്ന കാലത്തേയ്ക്ക് അങ്ങനെയുള്ള അംശദായം കുറയ്ക്കുകയോ ഇളവുചെയ്യുകയോ ചെയ്യാവുന്നതാണ്.

(3) ഒരു വകഫിന്റെ മുതവല്ലി, വകഫിൽനിന്നു ധനപരമായതോ അല്ലെങ്കിൽ മററു സാരവത്തായതോ ആയ ഏതെങ്കിലും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അവകാശമുള്ള പല ആളുകളിൽ നിന്നു (1)-ാം ഉപവകുപ്പിൻകീഴിൽ താൻ നൽകേണ്ട അംശദായങ്ങൾ വസൂലാക്കാവുന്നതും, എന്നാൽ അങ്ങനെയുള്ള ആളുകളിൽ ഏതെങ്കിലും ഒരാളിൽനിന്നു വസൂലാക്കേണ്ട തുക അങ്ങനെയുള്ള ആൾക്കു ലഭിക്കേണ്ട ആനുകൂല്യങ്ങളുടെ മൂല്യം വകഫിന്റെ മൊത്തം അററവാർഷികാദായത്തോടു വഹിക്കുന്ന അതേ അനുപാതം കൊടുക്കേണ്ട ആകെ അംശദായത്തോട് വഹിക്കുന്ന തുകയിൽ കവിയാൻ പാടുള്ളതല്ല :

എന്നാൽ, (1)-ാം ഉപവകുപ്പിൻകീഴിൽ അംശദായമായല്ലാതെ ഈ ആക്ററിൻകീഴിൽ കൊടുക്കാനുള്ളതായി കൊടുക്കേണ്ട തുകയിൽ കവിഞ്ഞും വകഫ് കരണത്തിൻകീഴിൽ കൊടുക്കേണ്ട തുകയിൽകവിഞ്ഞും വകഫിന്റെ വല്ല ആദായവും, ഉണ്ടെങ്കിൽ അംശദായം അങ്ങനെയുള്ള ആദായത്തിൽനിന്നും നൽകേണ്ടതാണ്.

(4) ഒരു വകഫ് സംബന്ധിച്ച് (1)-ാം ഉപവകുപ്പിൻകീഴിൽ കൊടുക്കേണ്ട അംശദായം, ഗവൺമെന്റിനോ അല്ലെങ്കിൽ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിനോ കൊടുക്കേണ്ട ഏതെങ്കിലും തുകയ്ക്കോ അല്ലെങ്കിൽ വകഫ് വസ്തുവിൻമേലോ അതിന്റെ ആദായത്തിൻമേലോ ഉള്ള മറേറതെങ്കിലും നിയമാധിഷ്ഠിത ആദ്യചാർജ്ജിനോ മുൻകൂട്ടി പണം കൊടുക്കുന്നതിനു വിധേയമായി, വകഫിന്റെ ആദായത്തിൻമേലുള്ള ആദ്യചാർജ്ജായിരിക്കുന്നതും, ബന്ധപ്പെട്ട മുതവല്ലിക്ക് പറയാനുള്ളത് പറയാൻ ഒരവസരം നൽകിയതിനുശേഷം ബോർഡു നൽകുന്ന ഒരു സർട്ടിഫിക്കററിൻമേൽ ഭൂനികുതി കുടിശ്ശികയെന്നപോലെ വസൂലാക്കേണ്ടതുമാണ്.

(5) ഒരു മുതവല്ലി വകഫിന്റെ ആദായം വസൂലാക്കുകയും അങ്ങനെയുള്ള അംശദായം നൽകുന്നതിനു വിസമ്മതിക്കുകയോ നൽകാതിരിക്കുകയോ ചെയ്യുകയുമാണെങ്കിൽ, അങ്ങനെയുള്ള അംശദായത്തിന് അയാൾ, വ്യക്തിപരമായി ബാദ്ധ്യസ്ഥനായിരിക്കുന്നതും അത് അയാളിൽനിന്നോ അയാളുടെ വസ്തുവിൽനിന്നോ മേല്പറഞ്ഞരീതിയിൽ വസൂലാക്കാവുന്നതുമാണ്.

കടം വാങ്ങുന്നതിന് ബോർഡിനുള്ള അധികാരം.

47. ഈ ആക്ററിലെ വ്യവസ്ഥകൾക്കു പ്രഭാവം നൽകുന്ന ആവശ്യത്തിന് ബോർഡ് സ്റേററ് ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി സ്റേററ് ഗവൺമെന്റ് നിശ്ചയിക്കാവുന്ന നിബന്ധനകളിൻമേലും ഉപാധികളിൻമേലും അങ്ങനെയുള്ള പണത്തുക കടം വാങ്ങാവുന്നതും, ബോർഡ്, വായ്പയുടെ നിബന്ധനകളും ഉപാധികളും അനുസരിച്ച് കടം വാങ്ങിയ പണം അതുസംബന്ധിച്ച് കൊടുക്കേണ്ട ഏതെങ്കിലും പലിശയോ ചെലവുകളോ സഹിതം മടക്കിക്കൊടുക്കേണ്ടതുമാണ്.

വകഫ് ഫണ്ട്.

48. (1) ഈ ആക്ററിൻകീഴിൽ ബോർഡ് സ്വീകരിച്ചതോ വസൂലാക്കിയതോ ആയ എല്ലാ പണങ്ങളും സംഭാവനയായോ, ദാനമായോ, ഗ്രാൻറുകളായോ ബോർഡു സ്വീകരിച്ച മററെല്ലാപണങ്ങളും വകഫ് ഫണ്ട് എന്നു പറയുന്ന ഒരു ഫണ്ടായിതീരുന്നതാണ്.

(1ക) സംഭാവനയായോ, ദാനമായോ, ഗ്രാൻറുകളായോ ബോർഡ് സ്വീകരിച്ച എല്ലാപണങ്ങളും വെവ്വേറെയുള്ള സബ്ഹെഡിന്റെ കീഴിൽ നിക്ഷേപിക്കുകയും കണക്കിൽ ചേർക്കുകയും ചെയ്യേണ്ടതാകുന്നു.

(2) ഇതിലേയ്ക്ക് സ്റേററ് ഗവൺമെന്റ് ഉണ്ടാക്കാവുന്ന ഏതെങ്കിലും ചട്ടങ്ങൾക്കു വിധേയമായി, വകഫ് ഫണ്ട് ബോർഡിന്റെ നിയന്ത്രണത്തിൻ കീഴിലായിരിക്കുന്നതാണ്.

(3) വകഫ് ഫണ്ട്—

(ക) 47-ാം വകുപ്പിൻകീഴിൽ എടുത്ത ഏതെങ്കിലും വായ്പ തിരിച്ചടയ്ക്കുന്നതിനും അതിൻമേലുള്ള പലിശ കൊടുക്കുന്നതിനും ;

(ഖ) വകഫ് ഫണ്ടിന്റേയും വകഫ് അക്കൗണ്ടുകളുടേയും ആഡിററു ചെലവുകൾ നൽകുന്നതിനും;

(ഗ) ബോർഡിന്റെ സെക്രട്ടറിയുടേയും സ്ററാഫിന്റേയും ശമ്പളവും ബത്തകളും നൽകുന്നതിനും ;

(ഘ) ബോർഡിന്റെ ചെയർമാനും അംഗങ്ങൾക്കും, സെക്രട്ടറിക്കും, സ്ററാഫിനും യാത്രാബത്തകൾ നൽകുന്നതിനും;

(ങ) ഈ ആക്ററിനാലോ ആക്ററിൻ കീഴിലോ ചുമത്തപ്പെട്ട കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിലും നല്കപ്പെട്ട അധികാരങ്ങൾ പ്രയോഗിക്കുന്നതിലും ബോർഡിനു നേരിടുന്ന എല്ലാ ചെലവുകളും നൽകുന്നതിനും ;

വിനിയോഗിക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പിൽ പരാമർശിച്ച ചെലവ് നടത്തിയതിനുശേഷം ഏതെങ്കിലും മിച്ചം വരികയാണെങ്കിൽ ബോർഡ്, അങ്ങനെയുള്ള മിച്ചത്തിന്റെ ഏതെങ്കിലും ഭാഗം വകഫ് വസ്തുക്കൾ സംരക്ഷിക്കുന്നതിനും സൂക്ഷിക്കുന്നതിനുമോ അല്ലെങ്കിൽ അതിന് യുക്തമെന്നു തോന്നുന്ന മററാവശ്യങ്ങൾക്കോ ഉപയോഗിക്കാവുന്നതാണ്.

ബോർഡിന്റെ ബഡ്ജററ്.

49. ബോർഡ്, എല്ലാവർഷവും, നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും അങ്ങനെയുള്ള സമയത്തും, അടുത്ത സാമ്പത്തിക വർഷത്തെ മതിപ്പാക്കിയ വരവും ചെലവും കാണിച്ചുകൊണ്ട് ആ സാമ്പത്തികവർഷത്തേയ്ക്കുള്ള ഒരു ബഡ്ജററ് തയ്യാറാക്കേണ്ടതും അതിന്റെ ഒരു പകർപ്പ് സ്റേററ് ഗവൺമെന്റിന് അയച്ചുകൊടുക്കേണ്ടതുമാണ്.

**ബോർഡിന്റെ അക്കൗണ്ടുകൾ.**

50. ബോർഡ്, അതിന്റെ അക്കൗണ്ടുകൾ സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള അക്കൗണ്ടു ബുക്കുകളും മററു ബുക്കുകളും വച്ചുപോരാൻ ഇടയാക്കേണ്ടതാണ്.

**ബോർഡിന്റെ അക്കൗണ്ടുകളുടെ ആഡിററ്.**

51. (1) ബോർഡിന്റെ അക്കൗണ്ടുകൾ, സ്റേററ് ഗവൺമെൻറ് നിയമിക്കാവുന്ന ആഡിററർ വർഷംതോറും ആഡിററ് ചെയ്യുകയും പരിശോധിക്കുകയും ചെയ്യേണ്ടതാണ്.

(2) ആഡിററർ തന്റെ റിപ്പോർട്ട് സ്റേററ് ഗവൺമെൻറിന് സമർപ്പിക്കേണ്ടതും, ആഡിറററുടെ റിപ്പോർട്ടിൽ, മററു കാര്യങ്ങളുടെ കൂട്ടത്തിൽ, ക്രമരഹിതമോ നിയമവിരുദ്ധമോ അനുചിതമോ ആയ എല്ലാ ചെലവുകളേയോ, ഉപേക്ഷയാലോ നടപടിദൂഷ്യത്താലോ പണമോ മററു വസ്തുവോ വസൂലാക്കുന്നതിനു വരുത്തിയ വീഴ്ചയേയോ, റിപ്പോർട്ടു ചെയ്യേണ്ടതാവശ്യമാണെന്ന് ആഡിററർ കരുതുന്ന മറേറതെങ്കിലും വിഷയത്തേയോ സംബന്ധിച്ച എല്ലാസംഗതികളും വിനിർദ്ദേശിക്കേണ്ടതും ആ റിപ്പോർട്ടിൽ, ആഡിറററുടെ അഭിപ്രായത്തിൽ, അങ്ങനെയുള്ള ചെലവിനോ വീഴ്ചയ്ക്കോ ഉത്തരവാദിയായ ഏതെങ്കിലും ആളുടെപേരുകൂടി ഉൾപ്പെടുത്തേണ്ടതും അങ്ങനെയുള്ള ഏതൊരു സംഗതിയിലും അങ്ങനെയുള്ള ആളിൽനിന്നു കിട്ടേണ്ട ചെലവിന്റേയോ നഷ്ടത്തിന്റേയോ തുക ആഡിററർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

(3) ആഡിററു ചെലവ് വകഫ് ഫണ്ടിൽനിന്നും നൽകേണ്ടതാണ്.

**ആഡിറററുടെ റിപ്പോർട്ടിൻമേൽ സ്റേററ് ഗവൺമെൻറ് ഉത്തരവ് പാസ്സാക്കേണ്ടതാണെന്ന്.**

52. സ്റേററ് ഗവൺമെൻറ് ആഡിറററുടെ റിപ്പോർട്ട് പരിശോധിക്കേണ്ടതും അതിൽ പറയുന്ന ഏതെങ്കിലും വിഷയങ്ങൾ സംബന്ധിച്ച് ഏതെങ്കിലും ആളുടെ വിശദീകരണം ആവശ്യപ്പെടാവുന്നതും റിപ്പോർട്ടിൻമേൽ, അതിന് യുക്തമെന്നു തോന്നുന്ന ഉത്തരവുകൾ പാസ്സാക്കേണ്ടതുമാകുന്നു.

**കിട്ടാനുള്ളതാണെന്നു സാക്ഷ്യപ്പെടുത്തിയ തുകകൾ ഭൂനികുതി കുടിശ്ശിക പോലെ വസൂലാക്കാമെന്ന്.**

53. (1) ഏതെങ്കിലും ആളിൽനിന്നും കിട്ടാനുള്ളതാണെന്ന് 51-ാം വകുപ്പിൻ കീഴിലുള്ള തന്റെ റിപ്പോർട്ടിൽ ആഡിററർ, സാക്ഷ്യപ്പെടുത്തിയ ഏതൊരു തുകയും, അങ്ങനെയുള്ള സർട്ടിഫിക്കററ് 52-ാം വകുപ്പിൻകീഴിൽ ചെയ്ത സ്റേററ് ഗവൺമെൻറിന്റെ ഒരു ഉത്തരവുവഴി രൂപഭേദപ്പെടുത്തുകയോ റദ്ദുചെയ്യുകയോ ചെയ്യാത്തപക്ഷവും, രൂപഭേദപ്പെടുത്തിയ സർട്ടിഫിക്കററിൻമേൽ കിട്ടാനുള്ള ഏതൊരു തുകയും സ്റേററ് ഗവൺമെൻറ് അതിലേയ്ക്കു നൽകിയ ഒരു ഡിമാൻറ് നടത്തിയതിനുശേഷം അറുപതുദിവസത്തിനകം അങ്ങനെയുള്ള ആൾ കൊടുക്കേണ്ടതാകുന്നു.

(2) അങ്ങനെയുള്ള പണം കൊടുക്കൽ (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് നടത്തുന്നില്ലെങ്കിൽ, കൊടുക്കേണ്ട തുക, ബന്ധപ്പെട്ട ആളിന് പറയാനുള്ളതു പറയാൻ ഒരവസരം നൽകിയതിനുശേഷം, ബോർഡു നൽകിയ ഒരു സർട്ടിഫിക്കററിൻമേൽ, ഭൂനികുതിക്കുടിശ്ശികപോലെ അതേ രീതിയിൽ വസൂലാക്കാവുന്നതാണ്.

54. റദ്ദാക്കപ്പെട്ടു.

## അദ്ധ്യായം VII

## ജുഡീഷ്യൽ നടപടികൾ

**സിവിൽ നടപടിനിയമ സംഹിത 1908, 92-ാം വകുപ്പിൻ കീഴിൽ വ്യവഹാരങ്ങൾ ആരംഭിക്കൽ.**

55. (1) ഏതെങ്കിലും വക്കഫ് സംബന്ധിച്ച് സിവിൽ നടപടി നിയമ സംഹിത, 1908-ലെ 92-ാം വകുപ്പിൽ പറഞ്ഞ നിവൃത്തികളിൽ ഏതെങ്കിലും ലഭിക്കുന്നതിനുള്ള ഒരു വ്യവഹാരം, ആ വകുപ്പിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, അതിൽ പരാമർശിക്കുന്ന സമ്മതം ലഭിക്കാതെതന്നെ ബോർഡിന് ആരംഭിക്കാവുന്നതാണ്.

1908-ലെ 5

1908-ലെ 5

(2) ഏതെങ്കിലും വകഫ് സംബന്ധിച്ച് സിവിൽ നടപടി നിയമ സംഹിത, 1908-ലെ 92-ാം വകുപ്പിൽ പറഞ്ഞ നിവൃത്തികളിൽ ഏതെങ്കിലും ലഭിക്കുന്നതിനുള്ള യാതൊരു വ്യവഹാരവും, ബോർഡ് അല്ലാതെ ഏതെങ്കിലും ആളോ അധികാരസ്ഥാനമോ ബോർഡിന്റെ ലിഖിതമായ സമ്മതത്തോടുകൂടിയല്ലാതെ ആരംഭിക്കാൻ പാടില്ലാത്തതും, അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരം ആരംഭിക്കുന്നതിന്, ആ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അതിൽ പറയുന്ന സമ്മതം വാങ്ങേണ്ട ആവശ്യമില്ലാത്തതുമാകുന്നു:

എന്നാൽ, ഈ ഉപവകുപ്പിലുള്ള യാതൊന്നും ബോർഡിന് എതിരായുള്ള അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരം സംബന്ധിച്ച് ബാധകമാകുന്നതല്ല.

**ബോർഡിനെതിരായി കക്ഷികളാലുള്ള വ്യവഹാരങ്ങളുടെ നോട്ടീസ്.**

56. ഈ ആക്ററാ അല്ലെങ്കിൽ അതിൻകീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളോ അനുസരിച്ച് ബോർഡ് ചെയ്തതാണെന്നു കരുതാവുന്ന ഏതെങ്കിലും കൃത്യങ്ങൾ സംബന്ധിച്ച്, വ്യവഹാരകാരണവും വാദിയുടെ പേരും വിവരണവും താമസസ്ഥലവും അയാൾ അവകാശപ്പെടുന്ന നിവൃത്തിയും പ്രസ്താവിച്ചുകൊണ്ടു ലിഖിതമായ ഒരു നോട്ടീസ് ബോർഡിന്റെ ആഫീസിൽ ഏൽപിച്ചുകൊടുക്കുകയോ അല്ലെങ്കിൽ നൽകുകയോ ചെയ്തതിനുശേഷം അടുത്ത രണ്ടു മാസം കഴിയുന്നതുവരെ ബോർഡിനെതിരായി യാതൊരു വ്യവഹാരവും ആരംഭിക്കാൻ പാടില്ലാത്തതും അന്യായത്തിൽ, അങ്ങനെയുള്ള നോട്ടീസ് അപ്രകാരം ഏൽപ്പിച്ചു കൊടുക്കുകയോ നൽകുകയോ ചെയ്തിട്ടുണ്ടെന്നുള്ള ഒരു പ്രസ്താവന അടങ്ങിയിരിക്കേണ്ടതുമാണ്.

**വ്യവഹാരങ്ങളും മറ്റും സംബന്ധിച്ച് കോടതി നൽകുന്ന നോട്ടീസ്.**

57. (1) വകഫ് വസ്തുവിന്റെ ഉടമാവകാശമോ അല്ലെങ്കിൽ ഒരു മുതവല്ലിയുടെ അവകാശമോ സംബന്ധിച്ച ഏതൊരു വ്യവഹാരത്തിലും അല്ലെങ്കിൽ നടപടിയിലും അങ്ങനെയുള്ള വ്യവഹാരമോ നടപടിയോ ആരംഭിക്കുന്ന കക്ഷിയുടെ ചെലവിൽ കോടതി, ബോർഡിന് നോട്ടീസ് നൽകേണ്ടതാണ്.

(2) ഏതെങ്കിലും വകഫ് വസ്തു, ഒരു സിവിൽക്കോടതിയുടെ ഡിക്രി നടപ്പാക്കുന്നതിൽ വിൽപനയ്ക്കായോ അല്ലെങ്കിൽ ഗവൺമെന്റിനോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിനോ കൊടുക്കേണ്ട ഏതെങ്കിലും ഭൂമിക്കരമോ, സെസ്സോ, നിരക്കോ, നികുതികളോ വസൂലാക്കുന്നതിനായോ വിജ്ഞാപനം ചെയ്യപ്പെടുമ്പോഴെല്ലാം, ഏതു കോടതിയുടേയോ കളക്ടറുടേയോ അല്ലെങ്കിൽ മററ് ആളുടെയോ ഉത്തരവിൻകീഴിലാണോ വില്പന വിജ്ഞാപനം ചെയ്തിരിക്കുന്നത് ആ കോടതിയോ കളക്ടറോ മററാളോ ബോർഡിന് നോട്ടീസ് നൽകേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു നോട്ടീസിന്റെ അഭാവത്തിൽ, ആ വ്യവഹാരത്തിലോ നടപടിയിലോ പാസ്സാക്കിയ ഏതെങ്കിലും ഡിക്രിയോ ഉത്തരവോ, അങ്ങനെയുള്ള വ്യവഹാരത്തേയോ നടപടിയേയോ കുറിച്ച് ബോർഡ് അറിയുന്നതിനുശേഷം ഒരു മാസത്തിനകം അത് ഇതിലേക്ക് കോടതിയോട് അപേക്ഷിക്കുകയാണെങ്കിൽ ശൂന്യമായി പ്രഖ്യാപിക്കേണ്ടതാണ്.

(4) (2)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു നോട്ടീസിന്റെ അഭാവത്തിൽ വിൽപനയെക്കുറിച്ച് ബോർഡ് അറിയുന്നതിനുശേഷം ഒരു മാസത്തിനകം ഏത് കോടതിയുടേയോ മററ് അധികാരസ്ഥാനത്തിന്റേയോ ഉത്തരവിൻ കീഴിലാണോ വിൽപന നടന്നിട്ടുള്ളത്, കോടതിയോടോ മററ് അധികാരസ്ഥാനത്തോടോ ഇതിലേക്ക് അപേക്ഷിക്കുകയാണെങ്കിൽ, വിൽപന ശൂന്യമായി പ്രഖ്യാപിക്കേണ്ടതാണ്.

**ഭൂമി ആർജ്ജന ആക്ററ്, 1894-ൻ കീഴിലുള്ള നടപടികൾ.**
(1894-ലെ 1)

58. (1) ഭൂമി ആർജ്ജന ആക്ററ്, 1894-ൻ കീഴിലുള്ള നടപടി നടന്നുകൊണ്ടിരിക്കുമ്പോൾ, ഒരു അവാർഡ് പുറപ്പെടുവിക്കുന്നതിനു മുമ്പ് ആർജ്ജനത്തിൻകീഴിലുള്ള ഏതെങ്കിലും വസ്തു വകഫ് വസ്തു ആണെന്ന് കലക്ടറർക്ക് തോന്നുകയാണെങ്കിൽ, അങ്ങനെയുള്ള ആർജ്ജനത്തെപ്പററിയുള്ള നോട്ടീസ് ബോർഡിൻമേൽ നടത്തേണ്ടതും അങ്ങനെയുള്ള നോട്ടീസ് കൈപ്പററിയ തീയതി മുതൽ മൂന്നു മാസത്തിനുള്ളിൽ ഏതെങ്കിലും സമയത്ത് നടപടിയിൽ കക്ഷിചേർന്ന് ഹാജരായി വാദിക്കുന്നതിന് ബോർഡിനെ പ്രാപ്തമാക്കാൻ തുടർന്നുള്ള നടപടികൾ നിറുത്തിവയ്ക്കേണ്ടതുമാണ്.

(2) ആർജ്ജനത്തിൻ കീഴിലുള്ള ഏതെങ്കിലും വസ്തു വകഫ് വസ്തു ആണെന്ന് വിശ്വസിക്കാൻ ബോർഡിന് കാരണമുള്ളിടത്ത്, അവാർഡ് പുറപ്പെടുവിക്കുന്നതിനു മുമ്പ്, അതിന് ഏതൊരു സമയത്തും, നടപടിയിൽ കക്ഷിചേർന്ന് ഹാജരായി വാദിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിലേയോ (2)-ാം ഉപവകുപ്പിലേയോ വ്യവസ്ഥകൾക്കു കീഴിൽ ബോർഡ് ഹാജരായിട്ടുള്ളപ്പോൾ, ബോർഡിന് അതിനെക്കുറിച്ച് പറയാനുള്ളതു ബോധിപ്പിക്കാൻ അവസരം നല്കാതെ, ഭൂമി ആർജ്ജന ആക്ററ്,
(1894-ലെ 1) 1894-ലെ 31-ാം വകുപ്പിന്റേയോ 32-ാം വകുപ്പിന്റേയോ കീഴിൽ യാതൊരു ഉത്തരവും പാസ്സാക്കാൻ പാടുള്ളതല്ല.

(4) ബോർഡിന് പറയാൻ ഒരു അവസരം നല്കാതെ, ഭൂമി ആർജ്ജന ആക്ററ്, 1894-ലെ 31-ാം വകുപ്പിന്റേയോ 32-ാം വകുപ്പിന്റേയോ കീഴിൽ പാസ്സാക്കിയ ഏതൊരു ഉത്തരവും, ബോർഡ് ഉത്തരവിനെക്കുറിച്ച് അറിയുന്നതിനുശേഷം ഒരു മാസത്തിനുള്ളിൽ ഉത്തരവുചെയ്ത അധികാരസ്ഥാനത്തോട്
(1894-ലെ 1) ഇതിലേയ്ക്ക് അപേക്ഷിക്കുകയാണെങ്കിൽ, ശൂന്യമായി പ്രഖ്യാപിക്കേണ്ടതാണ്.

**ഒരു വകഫ് സംബന്ധിച്ച വ്യവഹാരത്തിലോ നടപടിയിലോ ബോർഡിനെ അതിന്റെ അപേക്ഷയിൻമേൽ കക്ഷിയായി ചേർക്കണമെന്ന്.**

59. ഒരു വകഫിൽ അവകാശമില്ലാത്ത ആളിനാലോ ആളിനെതിരായോ ഒരു വകഫോ അല്ലെങ്കിൽ ഏതെങ്കിലും വകഫ് വസ്തുവോ സംബന്ധിച്ചുള്ള ഏതെങ്കിലും വ്യവഹാരത്തിലോ, നടപടിയിലോ, ബോർഡിന് വ്യവഹാരത്തിലേയോ നടപടിയിലേയോ ഒരു കക്ഷിയായി ഹാജരാകാവുന്നതും വാദിക്കാവുന്നതുമാണ്.

**മുതവല്ലിമാരാലോ മുതവല്ലിമാർക്കെതിരായോ ഉള്ള വ്യവഹാരങ്ങൾ രാജിയാക്കുന്നതിനുള്ള തടസ്സം.**

60. വകഫ് വസ്തുവിന്റെ ഉടമാവകാശമോ അല്ലെങ്കിൽ മുതവല്ലിയുടെ അവകാശങ്ങളോ സംബന്ധിച്ച് ഒരു വകഫിന്റെ മുതവല്ലിയാലോ അല്ലെങ്കിൽ മുതവല്ലിക്കെതിരായോ ഏതെങ്കിലും കോടതിയിലുള്ള യാതൊരു വ്യവഹാരമോ നടപടിയോ ബോർഡിന്റെ അനുവാദം കൂടാതെ രാജിയാക്കാൻ പാടുള്ളതല്ല.

61. (1) ഒരു മുതവല്ലി, ഭക്തിദ്യോതകമോ, മതപരമോ, ധർമ്മാർത്ഥമോ ആയി മുസ്ലിം നിയമം അംഗീകരിക്കുന്ന ഏതെങ്കിലും പ്രവൃത്തിചെയ്യുന്നതിന് ബാദ്ധ്യസ്ഥനായിരിക്കുകയും മുതവല്ലി അങ്ങനെയുള്ള പ്രവൃത്തി ചെയ്യാതിരിക്കുകയും ചെയ്യുന്നിടത്ത്, ബോർഡ്, ആ പ്രവൃത്തി ചെയ്യുന്നതിന് ആവശ്യകമായ തുക ബോർഡിനോ അല്ലെങ്കിൽ ഇതിലേയ്ക്ക് ബോർഡ് പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ആൾക്കോ നൽകുന്നതിന് മുതവല്ലിയോട് നിദേശിക്കുന്ന ഒരു ഉത്തരവിനുവേണ്ടി കോടതിയോട് അപേക്ഷിക്കാവുന്നതാണ്.

**തന്റെ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിൽ മുതവല്ലി വീഴ്ച വരുത്തുന്ന സംഗതിയിൽ കോടതിയിൽ അപേക്ഷ നൽകാനുള്ള അധികാരം.**

(2) ഒരു മുതവല്ലി, വകഫിൻകീഴിൽ തന്നിൽ ചുമത്തിയ മറ്റെതെങ്കിലും കർത്തവ്യങ്ങൾ ചെയ്യുന്നതിന് ബാദ്ധ്യസ്ഥനായിരിക്കുകയും മുതവല്ലി, അങ്ങനെയുള്ള കർത്തവ്യങ്ങൾ മന:പൂർവ്വം ചെയ്യാതിരിക്കുകയും ചെയ്യുന്നിടത്ത് ബോർഡോ, അല്ലെങ്കിൽ വകഫിൽ അവകാശബന്ധമുള്ള ഏതെങ്കിലും ആളോ കോടതിയിൽ ഒരു അപേക്ഷ കൊടുക്കാവുന്നതും, കോടതി അതിന് യുക്തമെന്ന് തോന്നുന്ന ഉത്തരവ് അതിൻമേൽ പാസ്സാക്കാവുന്നതുമാണ്.

## അദ്ധ്യായം VIII

## പലവക

62. (1) കേന്ദ്ര ഗവൺമെന്റ്, ബോർഡ് അനുവർത്തിക്കേണ്ട പ്രശ്നങ്ങളിൻമേൽ, അതിനു യുക്തമെന്നു തോന്നാവുന്ന നിദേശങ്ങൾ നല്കാവുന്നതും, അങ്ങനെയുള്ള നിദേശങ്ങൾ നല്കുന്നതിന് ബന്ധപ്പെട്ട സ്റ്റേറ്റ് ഗവൺമെന്റ് വഴി ഏതെങ്കിലും ബോർഡിൽനിന്ന് ഏതെങ്കിലും ആനുകാലികമോ മറ്റോ ആയ റിപ്പോർട്ടോ വിവരമോ ആവശ്യപ്പെടാവുന്നതുമാണ്.

**കേന്ദ്രഗവൺമെന്റിനാലുള്ള നിദേശങ്ങൾ.**

(2) ഈ ആക്റ്റിൻകീഴിലുള്ള അതിന്റെ ചുമതലകളുടെ നിർവ്വഹണത്തിൽ, (1)-ാം ഉപവകുപ്പിൻകീഴിൽ നല്കുന്ന നിദേശങ്ങൾ ബോർഡിന് മാർഗ്ഗദർശകമായിരിക്കുന്നതാണ്.

63. നയപ്രശ്നങ്ങളിൻമേൽ 62-ാം വകുപ്പിൻകീഴിൽ നല്കിയ ഏതെങ്കിലും നിദേശങ്ങൾക്ക് വിധേയമായി, സ്റ്റേറ്റ് ഗവൺമെന്റ്, അതതുസമയം, സ്റ്റേറ്റ് ഗവൺമെന്റിന് യുക്തമെന്നു തോന്നുന്ന സാമാന്യമോ പ്രത്യേകമോ ആയ നിദേശങ്ങൾ ബോർഡിന് നൽകാവുന്നതും, അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ, ബോർഡ്, അങ്ങനെയുള്ള ഏതെങ്കിലും നിദേശങ്ങൾ അനുസരിക്കേണ്ടതുമാണ്.

**സ്റ്റേറ്റ് ഗവൺമെന്റിനാലുള്ള നിദേശങ്ങൾ.**

64. (1) ഈ ആക്റ്റിനാലോ ആക്റ്റിൻകീഴിലോ ബോർഡിൽ ചുമത്തിയ കർത്തവ്യം നിർവ്വഹിക്കുവാൻ ബോർഡിന് സാധിക്കുന്നില്ലെന്നോ അല്ലെങ്കിൽ അതിന്റെ നിർവ്വഹണത്തിൽ തുടർച്ചയായി വീഴ്ചവരുത്തിയിട്ടുണ്ടെന്നോ അല്ലെങ്കിൽ അതിന്റെ അധികാരം അതിക്രമിക്കുകയോ ദുരുപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്നോ; സ്റ്റേറ്റ് ഗവൺമെന്റിന് അഭിപ്രായമുണ്ടെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റ്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ആ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന കാലത്തേയ്ക്ക് ബോർഡിനെ പുറംതള്ളാവുന്നതാണ്:

**ബോർഡിനെ പുറം തള്ളാനുള്ള അധികാരം.**

എന്നാൽ, ഈ ഉപവകുപ്പിൻ കീഴിലുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പ് സ്റ്റേറ്റ് ഗവൺമെന്റ്, ബോർഡിനെ പുറം തള്ളാതിരിക്കുന്നതിന് കാരണം കാണിക്കാൻ ബോർഡിന് ന്യായമായ സമയം നൽകേണ്ടതും ബോർഡിന് വിശദീകരണങ്ങളും ആക്ഷേപങ്ങളുമുള്ളപക്ഷം അവ പരിഗണിക്കേണ്ടതുമാണ്.

(2) ബോർഡിനെ പുറംതള്ളിക്കൊണ്ട് (1)-ാം ഉപവകുപ്പിൻകീഴിലുള്ള വിജ്ഞാപനം പ്രസിദ്ധം ചെയ്യുന്നതിൻമേൽ,—

(ക) ബോർഡിലെ എല്ലാ അംഗങ്ങളും പുറംതള്ളപ്പെട്ട തീയതി മുതൽ അങ്ങനെയുള്ള അംഗങ്ങൾ എന്ന നിലയിലുള്ള അവരുടെ സ്ഥാനങ്ങൾ ഒഴിയേണ്ടതും;

(ഖ) ഈ ആക്റ്റിലെ വ്യവസ്ഥകളാലോ വ്യവസ്ഥകളിൻകീഴിലോ ബോർഡിനാലോ ബോർഡിനുവേണ്ടിയോ പ്രയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യാവുന്ന എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും, പുറംതള്ളപ്പെട്ടിരിക്കുന്ന കാലയളവിൽ, സ്റ്റേറ്റ് ഗവൺമെന്റ് നിദേശിക്കാവുന്ന ആളോ ആളുകളോ പ്രയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യേണ്ടതും;

(ഗ) ബോർഡിൽ നിക്ഷിപ്തമായ എല്ലാ വസ്തുക്കളും പുറംതള്ളപ്പെട്ടിരിക്കുന്ന കാലത്തേയ്ക്ക് സ്റ്റേറ്റ് ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്നതും;

ആകുന്നു.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ വിനിർദ്ദിഷ്ടമായ, പുറംതള്ളപ്പെട്ടിരിക്കുന്നകാലം അവസാനിക്കുന്നതിൻമേൽ സ്റ്റേറ്റ് ഗവൺമെന്റ്—

(ക) പുറം തള്ളപ്പെട്ടകാലം ആവശ്യകമെന്ന് അതു കരുതുന്ന വീണ്ടുമുള്ള കാലത്തേക്കു ദീർഘിപ്പിക്കാവുന്നതോ;

അല്ലെങ്കിൽ

(ഖ) 10-ാം വകുപ്പിലും 11-ാം വകുപ്പിലും വ്യവസ്ഥചെയ്ത രീതിയിൽ ബോർഡ് പുന:സംഘടിപ്പിക്കാവുന്നതോ;

ആകുന്നു.

**ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന കൃത്യങ്ങൾക്ക് സംരക്ഷണം.**

65. ഈ ആക്റ്റിൻകീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതോ ആയ എന്തിനെയെങ്കിലും സംബന്ധിച്ച് ബോർഡിനോ അല്ലെങ്കിൽ കമ്മിഷണർക്കോ അല്ലെങ്കിൽ ഈ ആക്റ്റിൻകീഴിൽ മുറപ്രകാരം നിയമിക്കപ്പെട്ട മറ്റേതെങ്കിലും ആൾക്കോ എതിരായി യാതൊരു വ്യവഹാരമോ മറ്റു നിയമനടപടിയോ നിലനിൽക്കുന്നതല്ല.

**കമ്മീഷണറും ആഡിറ്ററും മറ്റും പബ്ലിക് സർവന്റ്മാരാണെന്ന് കരുതേണ്ടതാണെന്ന്.**

66. കമ്മീഷണറേയും, ഏതൊരു ആഡിറ്ററേയും ബോർഡിലെ ഏതൊരു ഉദ്യോഗസ്ഥനേയും ജീവനക്കാരനേയും ഈ ആക്റ്റിനാലോ അല്ലെങ്കിൽ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളാലോ ഉത്തരവുകളാലോ തന്നിൽ ചുമത്തിയ ഏതെങ്കിലും കർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ മുറപ്രകാരം നിയമിക്കപ്പെട്ട മറ്റേതെങ്കിലും ആളേയും ഇൻഡ്യൻ ശിക്ഷാനിയമസംഹിത 21-ാം വകുപ്പിന്റെ അർത്ഥത്തിൽ പബ്ലിക് സർവന്റുമാരായി കരുതേണ്ടതാകുന്നു.

**ചില ബോർഡുകളുടെ പുനഃസംഘടനയ്ക്കായുള്ള പ്രത്യേക വ്യവസ്ഥകൾ.**

1956-ലെ 37

66ക. (1) സംസ്ഥാന പുനഃസംഘടന ആക്റ്റ്, 1956-ൻ കീഴിൽ സ്റ്റേറ്റുകളുടെ പുനഃസംഘടന കാരണത്താൽ, ഏത് സ്റ്റേറ്റിന്റെ മുഴുവൻഭാഗമോ അല്ലെങ്കിൽ ഏതെങ്കിലും ഭാഗമോ സംബന്ധിച്ചാണോ ബോർഡ് 1956 നവംബർ 1-ാം തീയതിക്ക് തൊട്ടുമുമ്പ് പ്രവർത്തിച്ചിരുന്നത്, ആ സ്റ്റേറ്റ് മുഴുവനുമോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗമോ ആ തീയതിയിൽ മറ്റൊരു സ്റ്റേറ്റിലേയ്ക്ക് മാറ്റം ചെയ്യപ്പെടുകയും അങ്ങനെ മാറ്റം ചെയ്ത കാരണത്താൽ, ഏത് സ്റ്റേറ്റിന്റെ ഏത് ഭാഗത്തിലാണോ ബോർഡ് പ്രവർത്തിക്കുന്നത് ആ സ്റ്റേറ്റിലെ ഗവൺമെന്റിന് ബോർഡ് വിഘടിപ്പിക്കണമെന്നോ അല്ലെങ്കിൽ ആ സ്റ്റേറ്റിനു മുഴുവനുമോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗത്തിനോവേണ്ടി ഒരു ഇൻട്രാ–സ്റ്റേറ്റ്–ബോർഡ് ആയി അത് പുനഃസംവിധാനം ചെയ്യുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യണമെന്നോ തോന്നുകയും ചെയ്യുന്നിടത്ത്, ആ ബോർഡിന്റെ ആസ്തികളും അവകാശങ്ങളും ബാദ്ധ്യതകളും മറ്റേതെങ്കിലും ബോർഡിനോ സ്റ്റേറ്റ് ഗവൺമെന്റിനോ കൈമാറ്റം ചെയ്യുന്നതും, ബോർഡിലെ ജീവനക്കാരുടെ സ്ഥലംമാറ്റമോ പുനർനിയമനമോ അതും സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടെ, അതതുസംഗതിപോലെ, അങ്ങനെയുള്ള വിഘടനത്തിനോ പുനഃസംവിധാനത്തിനോ പുനഃസംഘടനയ്ക്കോ ആ സ്റ്റേറ്റ് ഗവൺമെന്റ് ഒരു പദ്ധതി തയ്യാറാക്കാവുന്നതും ആ പദ്ധതി കേന്ദ്ര ഗവൺമെന്റിന് അയച്ചു കൊടുക്കാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്ത പദ്ധതി കൈപ്പറ്റുന്നതിൻമേൽ, അത് ബന്ധപ്പെട്ട സ്റ്റേറ്റ് ഗവൺമെന്റുകളുമായി ആലോചിച്ചതിനുശേഷം, രൂപഭേദങ്ങളോടുകൂടിയോ അല്ലാതെയോ പദ്ധതി അംഗീകരിക്കാവുന്നതും, അതിന് യുക്തമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിച്ച് അപ്രകാരം അംഗീകരിക്കപ്പെട്ട പദ്ധതിക്ക് പ്രഭാവം നൽകാവുന്നതുമാണ്.

(3) (2)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു ഉത്തരവിൽ താഴെപ്പറയുന്ന എല്ലാ വിഷയങ്ങൾക്കുമോ, അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(ക) ബോർഡിന്റെ വിഘടനം :

(ഖ) ആവശ്യമുള്ളിടത്ത്, ഒരു പുതിയ ബോർഡ് സ്ഥാപിക്കുന്നതുൾപ്പെടെ ബോർഡിന്റെ ഏതെങ്കിലും രീതിയിലുള്ള പുനഃസംവിധാനവും പുനഃസംഘടനയും ;

(ഗ) പുനഃസംവിധാനം ചെയ്യപ്പെട്ട ബോർഡോ പുതിയ ബോർഡോ ഏതു പ്രദേശം സംബന്ധിച്ച് ചുമതല വഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്ന് ;

(ഘ) ബോർഡിന്റെ ആസ്തികളും, അവകാശങ്ങളും, ബാദ്ധ്യതകളും (അത് ഏർപ്പെട്ട ഏതെങ്കിലും കോൺട്രാക്റ്റിൻകീഴിലുള്ള അവകാശങ്ങളും ബാദ്ധ്യതകളും ഉൾപ്പെടെ) മുഴുവനായോ ഭാഗികമായോ മറ്റേതെങ്കിലും ബോർഡിനോ സ്റ്റേറ്റ് ഗവൺമെന്റിനോ കൈമാറ്റം ചെയ്യുന്നതും, അങ്ങനെയുള്ള കൈമാറ്റത്തിന്റെ നിബന്ധനകളും ഉപാധികളും ;

(ങ) ബോർഡ് കക്ഷിയായുള്ള ഏതെങ്കിലും നിയമ നടപടിയിൽ കക്ഷിയായി ബോർഡിനുപകരം അങ്ങനെയുള്ള ഏതെങ്കിലും കൈമാറ്റം കിട്ടിയ ആളെ ചേർക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും കൈമാറ്റം കിട്ടിയ ആളെ കൂടുതലായി ചേർക്കുകയോ ചെയ്യുകയും ; ബോർഡിന്റെ മുമ്പാകെ തീർപ്പാകാതെയിരിക്കുന്ന ഏതെങ്കിലും നടപടി അങ്ങനെയുള്ള ഏതെങ്കിലും കൈമാറ്റം കിട്ടിയ ആളിന് കൈമാറ്റം ചെയ്യുകയും ചെയ്യുന്നത് ;

(ച) അങ്ങനെയുള്ള ഏതെങ്കിലും കൈമാറ്റം കിട്ടിയ ആൾക്കോ അല്ലെങ്കിൽ കൈമാറ്റം കിട്ടിയ ആളാലോ ബോർഡിന്റെ ഏതെങ്കിലും ജീവനക്കാരനെ കൈമാറ്റം ചെയ്തുകൊടുക്കുകയോ പുനർനിയമനം നടത്തിക്കൊടുക്കുകയോ ചെയ്യുന്നതും, സംസ്ഥാന പുനഃസംഘടനാ ആക്റ്റ്, 1956, 111-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, അങ്ങനെയുള്ള സ്ഥലം മാറ്റത്തിനോ പുനർനിയമനത്തിനോ ശേഷം അങ്ങനെയുള്ള ജീവനക്കാർക്ക് ബാധകമാകുന്ന സർവ്വീസ് നിബന്ധനകളും ഉപാധികളും ;

(ഛ) അംഗീകരിക്കപ്പെട്ട പദ്ധതിക്ക് പ്രഭാവം നൽകുന്നതിനാവശ്യകമാകാവുന്ന ആനുഷംഗികമോ അനന്തരഫലമായുള്ളതോ അനുപൂരകമോ ആയ വിഷയങ്ങൾ.

(4) ഏതെങ്കിലും ബോർഡിന്റെ ആസ്തികളും അവകാശങ്ങളും ബാദ്ധ്യതകളും കൈമാറ്റം ചെയ്തുകൊണ്ട് ഈ വകുപ്പിൻകീഴിൽ ഒരു ഉത്തരവ് ചെയ്യുന്നിടത്ത്, ആ ഉത്തരവിന്റെ ബലത്തിൽ, ബോർഡിന്റെ അങ്ങനെയുള്ള ആസ്തികളും

അവകാശങ്ങളും ബാദ്ധ്യതകളും കൈമാററം കിട്ടുന്ന ആളിൽ നിക്ഷിപ്തമാകുന്നതും അവ അയാളുടെ ആസ്തികളും അവകാശങ്ങളും ബാദ്ധ്യതകളുമായിരിക്കുന്നതുമാണ്.

(5) ഈ വകുപ്പിൻകീഴിലുണ്ടാക്കുന്ന ഏതൊരു ഉത്തരവും ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, ഈ ആക്ററിനും അതിൻകീഴിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്കും ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രഭാവമുണ്ടായിരിക്കുന്നതുമാണ്.

(6) ഈ വകുപ്പിൻകീഴിലുണ്ടാക്കിയ ഏതൊരു ഉത്തരവും അത് ഉണ്ടാക്കിയതിനുശേഷം ആകാവുന്നത്ര വേഗത്തിൽ, പാർലമെൻറിൻെറ ഓരോ സഭയുടേയും മുമ്പാകെ വയ്ക്കേണ്ടതാണ്.

സ്റേറററിൻെറ ഭാഗത്തിനു വേണ്ടി ബോർഡ് സ്ഥാപിക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥ.

66ഖ. (1) സംസ്ഥാന പുനഃസംഘടന ആക്ററ്, 1956-ൽ വരുത്തിയ രാജ്യക്ഷേത്രീയവ്യതിയാനങ്ങൾ കാരണത്താൽ ഈ ആക്ററ് 1956 നവംബർ 1-ാം തീയതി മുതൽ ഒരു സ്റേറററിൻെറ ഏതെങ്കിലും ഭാഗത്തിനോ ഭാഗങ്ങൾക്കോ മാത്രം ബാധകമാകുകയും എന്നാൽ അതിൻെറ ശേഷിക്കുന്ന ഭാഗത്തിൽ പ്രാബല്യത്തിൽ കൊണ്ടുവരാതിരിക്കുകയും ചെയ്യുന്നിടത്ത് അപ്പോൾ ഈ ആക്ററിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററ് പ്രാബല്യത്തിലിരിക്കുന്ന ഭാഗത്തിനോ ഭാഗങ്ങൾക്കോ വേണ്ടി ഒന്നോ അതിലധികമോ ബോർഡുകൾ സ്റേററ് ഗവൺമെൻറ് സ്ഥാപിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതും, അങ്ങനെയുള്ള സംഗതിയിൽ, ഒരു ബോർഡ് സംബന്ധിച്ച് 'സ്റേററ്' എന്ന വാക്കിൻെറ ഈ ആക്ററിലുള്ള ഏതെങ്കിലും പരാമർശത്തിന് സ്റേറററിൻെറ ഏതു ഭാഗത്തിനുവേണ്ടിയാണോ ബോർഡ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്, ആ ഭാഗത്തെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കൽപിക്കപ്പെടേണ്ടതുമാണ്.

1956-ലെ 37

(2) അങ്ങനെയുള്ള ഏതെങ്കിലും ബോർഡ് സ്ഥാപിക്കുകയും സ്റേറററിനൊട്ടാകെ ഒരു ബോർഡ് സ്ഥാപിക്കേണ്ടതാണെന്ന് സ്റേററ് ഗവൺമെൻറിന് തോന്നുകയും ചെയ്യുന്നിടത്ത്, സ്റേററ് ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം ചെയ്ത ഉത്തരവുവഴി, സ്റേറററിൻെറ ഭാഗത്തിനുവേണ്ടി സ്ഥാപിച്ച ബോർഡ് വിഘടിപ്പിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ബോർഡ് പുനഃസംഘടിപ്പിക്കുകയോ പുനഃസംവിധാനം ചെയ്യുകയോ അല്ലെങ്കിൽ സ്റേറററിന് മുഴുവനുമായി ഒരു പുതിയ ബോർഡ് സ്ഥാപിക്കുകയോ ചെയ്യാവുന്നതും, അപ്പോൾ സ്റേറററിൻെറ ഭാഗത്തിനുവേണ്ടിയുള്ള ബോർഡിൻെറ ആസ്തികളും അവകാശങ്ങളും ബാദ്ധ്യതകളും, അതതുസംഗതിപോലെ പുനഃസംഘടിപ്പിക്കപ്പെട്ട ബോർഡിലോ പുതിയ ബോർഡിലോ നിക്ഷിപ്തമാകുന്നതും അതിൻെറ ആസ്തികളും അവകാശങ്ങളും ബാദ്ധ്യതകളും ആയിരിക്കുന്നതുമാണ്.

ചില വകഫുകളുടെ സംരക്ഷണത്തിന് ഇസ്ലാം മതവിശ്വാസികളല്ലാത്ത ആളുകൾ നൽകിയതോ സംഭാവന ചെയ്തതോ ആയ വസ്തുക്കൾക്ക് ആക്ററ് ബാധകമാക്കൽ.

66ഗ. ഈ ആക്ററിൽ എന്തുതന്നെ അടങ്ങിയിരുന്നാലും—

(ക) ഒരു മുസ്ലിം പള്ളിയോ, ഇഡ്ഗായോ ഇമാംബാറായോ, ദാർഗായോ, ഖാൻഗായോ അല്ലെങ്കിൽ ഒരു മാക്ബാറായോ ;

(ഖ) ഒരു മുസ്ലിം ശ്മശാനമോ ;

(ഗ) ഒരു വഴിയമ്പലമോ അല്ലെങ്കിൽ ഒരു മുസഫർഖാനയോ

ആയിരിക്കുന്ന ഒരു വകഫിൻെറ സംരക്ഷണത്തിന് ഇസ്ലാംമതവിശ്വാസിയല്ലാത്ത ഏതെങ്കിലും ആൾ ഏതെങ്കിലും സ്ഥാവരമോ ജംഗമമോ ആയ വസ്തു നൽകുകയോ സംഭാവന ചെയ്യുകയോ ചെയ്യുന്നിടത്ത്, അങ്ങനെയുള്ള വസ്തു ആ വകഫിൽ പെടുന്നതായി കരുതേണ്ടതും അത് അപ്രകാരം പെടുന്ന വകഫിൻെറ അതേ രീതിയിൽ കൈകാര്യം ചെയ്യേണ്ടതുമാണ്.

ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

67. (1) സ്റേററ് ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ ആക്ററിലെ II ക അദ്ധ്യായത്തിലുള്ളവയല്ലാത്ത ആവശ്യങ്ങൾ നിറവേററുവാൻ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിലും അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാ വിഷയങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(ക) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ പ്രസിദ്ധപ്പെടുത്തുന്ന വകഫുകളുടെ ലിസ്ററിൽ അടങ്ങിയിരിക്കാവുന്ന വിവരങ്ങൾ ;

(ഖ) ഏതു ഉപാധികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായാണ് ബോർഡിന് ഏതെങ്കിലും വസ്തുക്കൾ കൈമാററം ചെയ്യാവുന്നതെന്ന് ;

(ഗ) ബോർഡിൻെറ പ്രവർത്തനങ്ങൾ ക്രമപ്പെടുത്തൽ ;

(ഘ) ബോർഡ് സെക്രട്ടറിയുടെ സേവനവ്യവസ്ഥകളും ഉപാധികളും ;

(ങ) ഈ ആക്ററിൻകീഴിൽ ഏതെങ്കിലും അന്വേഷണവിചാരണ നടത്താവുന്ന രീതി ;

(ച) ഈ ആക്ററിൻകീഴിലുള്ള ഒരു അന്വേഷണവിചാരണ നടത്തുമ്പോൾ ബോർഡിനോ കമ്മീഷണർക്കോ മറേറതെങ്കിലും ആൾക്കോ പ്രയോഗിക്കാവുന്ന ഒരു സിവിൽക്കോടതിയിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ ;

(ഛ) വകഫുകളുടെ രജിസ്ററർ വച്ചുപോരാവുന്ന ഫാറവും അതിൽ അടങ്ങിയിരിക്കാവുന്ന മററു വിവരങ്ങളും ;

(ജ) ബോർഡിന്റെ ബഡ്ജററ് ബോർഡ് തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യാവുന്നത് ഏതു ഫാറത്തിലും സമയത്തിനുള്ളിലും ആയിരിക്കണമെന്ന്

(ഝ) വകഫ് ഫണ്ടിന്റെ അക്കൗണ്ടുകൾ സൂക്ഷിക്കുകയും ആഡിററ് ചെയ്യുകയും ചെയ്യാവുന്ന രീതിയും ആഡിററരുടെ റിപ്പോർട്ടിലെ ഉള്ളടക്കവും.

(ഞ) വകഫ് ഫണ്ടിൽ പണം അടയ്ക്കുന്നതും അങ്ങനെയുള്ള പണം നിക്ഷേപിക്കുകയും സൂക്ഷിപ്പിൽ വയ്ക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നതും ;

(ട) കടം വാങ്ങാൻ ബോർഡിനെ അനുവദിക്കാവുന്നത് ഏത് പരിതഃസ്ഥിതികളിലും ഏതു നിബന്ധനകൾക്കും ഉപാധികൾക്കും, വിധേയമായിട്ടാണെന്നും;

(ഠ) ഒരു വകഫ് സംബന്ധിച്ച് കൊടുക്കേണ്ട അംശദായം ബോർഡ് കിഴിവ് ചെയ്യുകയോ ഇളവ് ചെയ്യുകയോ ചെയ്യാവുന്നത് ഏത് പരിതഃസ്ഥിതികളിലും ഏതു ഉപാധികൾക്ക് വിധേയമായുമാണെന്ന് ;

(ഡ) ഈ ആക്ററിൻകീഴിൽ കിട്ടേണ്ട ഏതെങ്കിലും തുക ഭൂനികുതി കുടിശ്ശിക എന്നപോലെ വസൂലാക്കുന്നതിൽ അനുവർത്തിക്കേണ്ട നടപടിക്രമം ;

(ഢ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറേറതെങ്കിലും വിഷയം.

റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം

68. (1) ബോർഡ്, സ്റേററ് ഗവൺമെൻറിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി, ഈ ആക്ററിൻകീഴിലുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന്, ഈ ആക്ററിനോ അല്ലെങ്കിൽ അതിൻകീഴിലുണ്ടാക്കപ്പെട്ട ചട്ടങ്ങൾക്കോ അസംഗതമല്ലാത്ത റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിലും അങ്ങനെയുള്ള റഗുലേഷനുകളിൽ താഴെപ്പറയുന്ന എല്ലാ വിഷയങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(ക) ബോർഡിന്റെ യോഗങ്ങളുടെ സമയവും സ്ഥലവും അതിന്റെ യോഗങ്ങളിൽ കോറം തികയുന്നതിന് ആവശ്യമായ അംഗങ്ങളുടെ എണ്ണവും ;

(ഖ) ബോർഡിന്റെ യോഗങ്ങളിലെ ബിസിനസിന്റെ നടപടിക്രമവും നടത്തിപ്പും ;

(ഗ) ബോർഡിന്റെ കമ്മിററികളുടെ ഘടനയും പ്രവർത്തനവും അങ്ങനെയുള്ള കമ്മിററികളുടെ യോഗങ്ങളിലെ ബിസിനസ്സിന്റെ നടത്തിപ്പിനുള്ള നടപടിക്രമവും ;

(ഘ) ബോർഡിന്റെ ചെയർമാനോ അംഗങ്ങൾക്കോ അല്ലെങ്കിൽ കമ്മിററികളിലെ അംഗങ്ങൾക്കോ നൽകേണ്ട ബത്തകൾ അല്ലെങ്കിൽ ഫീസ് ;

(ങ) ബോർഡിലെ ഉദ്യോഗസ്ഥൻമാരുടേയും ജീവനക്കാരുടേയും സേവനം സംബന്ധിച്ച നിബന്ധനകളും ഉപാധികളും ;

(ച) വകഫുകളുടെ രജിസ്ട്രേഷനുള്ള അപേക്ഷകളുടെ ഫോറവും അതിൽ അടങ്ങിയിരിക്കേണ്ട കൂടുതൽ വിവരങ്ങളും വകഫുകളുടെ രജിസ്ട്രേഷന്റെ രീതിയും സ്ഥലവും ;

(ഛ) വകഫുകളുടെ രജിസ്ററിൽ അടങ്ങിയിരിക്കേണ്ട കൂടുതൽ വിവരങ്ങൾ ;

(ജ) ബോർഡിന്റെ ആഫീസിൽ സൂക്ഷിക്കേണ്ട ബുക്കുകൾ ;

(ഝ) വകഫുകളുടെ ബഡ്ജററുകൾ മുതവല്ലിമാർ തയ്യാറാക്കുകയും സമർപ്പിക്കുകയും ബോർഡ് അത് അംഗീകരിക്കുകയും ചെയ്യാവുന്നത് ഏതു ഫാറത്തിലും സമയത്തിനുള്ളിലും ആയിരിക്കണമെന്നുള്ളത് ;

(ഞ) വകഫുകളുടെ അക്കൗണ്ടുകൾ സൂക്ഷിക്കുകയും ആഡിററുചെയ്യുകയും ചെയ്യാവുന്ന രീതിയും ആഡിററരുടെ റിപ്പോർട്ടിലെ ഉള്ളടക്കവും;

(ട) ഈ ആക്ററിൻകീഴിലുള്ള അംശദായങ്ങൾ ചുമത്തുന്ന ആവശ്യത്തിന് വകഫിന്റെ ആദായം കണക്കാക്കുന്ന സംപ്രദായം ;

(ഠ) ബോർഡിന്റെ നടപടിക്രമങ്ങളും റിക്കാർഡുകളും പരിശോധിക്കുന്നതിനും അവയുടെ പകർപ്പുകൾ നൽകുന്നതിനും കൊടുക്കേണ്ട ഫീസ് ;

(ഡ) ബോർഡിന്റെ ഏതെങ്കിലും ഉത്തരവോ തീരുമാനമോ ഏത് ആളുകളാൽ പ്രമാണീകരിക്കപ്പെടാമെന്ന് ;

(ഢ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറേറതെങ്കിലും വിഷയം ;

(3) ഈ ആക്ററിൻകീഴിലുണ്ടാക്കിയ എല്ലാ റഗുലേഷനുകളും ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും റഗുലേഷനുകൾക്ക്, അങ്ങനെയുള്ള പ്രസിദ്ധീകരണത്തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതുമാണ്.

റദ്ദാക്കലും ഒഴിവാക്കലുകളും.

69. (1) താഴെപ്പറയുന്ന അധിനിയമങ്ങൾ, അതായത് :

1810-ലെ XIX-ാം ബംഗാൾ റഗുലേഷൻ

(1) ബംഗാൾ ധർമ്മാർത്ഥ എൻഡൊമെൻറുകളും, പബ്ലിക് കെട്ടിടങ്ങളും എസ്ചീററ്കളും റഗുലേഷൻ, 1810,

1863-ലെ 20

(2) മതപരമായ എൻഡൊമെൻറുകൾ ആക്ററ്, 1863

1890-ലെ 6

(3) ധർമ്മാർത്ഥ എൻഡൊമെൻറുകൾ ആക്ററ്, 1890

(4) ധർമ്മാർത്ഥവും മതപരവും ആയ ട്രസ്റ്റുകൾ ആക്റ്റ്, 1920; 1920-ലെ 14

(5) മുസൽമാൻ വകഫ് ആക്റ്റ്, 1923 1923-ലെ 42

ഈ ആക്റ്റ് ബാധകമാകുന്ന ഏതെങ്കിലും വകഫിന് ബാധകമാകുന്നതല്ല.

(2) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഏതെങ്കിലും സ്റ്റേറ്റിൽ [(1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന അധിനിയമമല്ലാതെ] ഈ ആക്റ്റിന് തൽസ്ഥാനീയമായ ഏതെങ്കിലും നിയമം ആ സ്റ്റേറ്റിൽ പ്രാബല്യത്തിലിരിക്കുകയാണെങ്കിൽ, ആ തൽസ്ഥാനീയനിയമം റദ്ദാക്കപ്പെട്ടതായിത്തീരുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള റദ്ദാക്കൽ ആ തൽസ്ഥാനീയ നിയമത്തിന്റെ മുൻപ്രവർത്തനത്തെ ബാധിക്കുന്നതല്ലാത്തതും, അതിനു വിധേയമായി, തൽസ്ഥാനീയ നിയമത്താലോ അതിൻകീഴിലോ നൽകിയ ഏതെങ്കിലും അധികാരം പ്രയോഗിക്കുന്നതിൽ ചെയ്ത എന്തെങ്കിലുമോ എടുത്ത ഏതെങ്കിലും നടപടിയോ, അങ്ങനെയുള്ള കാര്യം ചെയ്തതോ നടപടി എടുത്തതോ ആയ ദിവസം ഈ ആക്റ്റ് പ്രാബല്യത്തിലിരുന്നാലെന്നപോലെ, ഈ ആക്റ്റിനാലോ അതിൻകീഴിലോ നൽകിയ അധികാരങ്ങൾ പ്രയോഗിക്കുന്നതിൽ ചെയ്തിട്ടുള്ളതോ എടുത്തിട്ടുള്ളതോ ആയി കരുതപ്പെടേണ്ടതുമാണ്.

70. ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യമുണ്ടാവുകയാണെങ്കിൽ, കേന്ദ്ര ഗവൺമെന്റ് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുവഴി, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യകമാണെന്നോ, സമീചീനമാണെന്നോ അതിന് തോന്നുന്ന ഈ ആക്റ്റിലെ ആവശ്യങ്ങൾക്ക് അസംഗതമല്ലാത്ത വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്. വൈഷമ്യങ്ങൾ നീക്കംചെയ്യൽ.

## പട്ടിക

[9 (1ക) വകുപ്പുനോക്കുക]

### ഭേദഗതികളുടെ ലിസ്റ്റ്

1. 5-ാം വകുപ്പ്, (2)-ാം ഉപവകുപ്പിൽ "വകഫുകളുടെ ഒരു ലിസ്റ്റ്" എന്ന വാക്കുകൾക്കുപകരം "അതതുസംഗതിപോലെ സുന്നിവകഫുകളുടേയോ ഷിയാ വകഫുകളുടേയോ ലിസ്റ്റ്" എന്നു ചേർക്കേണ്ടതാണ്.

2. 11-ാം വകുപ്പിൽ,—

(ക) (ഖ) ഖണ്ഡത്തിനുപകരം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഖ) മുസ്ലീം നിയമത്തിൽ പരിജ്ഞാനമുള്ളവരും സുന്നിവകഫ് ബോർഡിന്റെ സംഗതിയിൽ സ്റ്റേറ്റ് ജമായത്ത്-ഉൾ-ഉൾമ-ഇ-ഹിന്ദ് പോലെയുള്ള സമാജങ്ങളെ പ്രതിനിധാനം ചെയ്യുന്ന ആളുകളും (അങ്ങനെയുള്ള ആളുകൾ ഹനാഫിയോ, അഹൽഹാഡിസോ, ഷഫായിയോ ആയാലും ഷിയാവകഫ് ബോർഡിന്റെ സംഗതിയിൽ, സ്റ്റേറ്റ് ശിയാ കോൺഫറൻസുപോലെയുള്ള സമാജങ്ങളെ പ്രതിനിധാനം ചെയ്യുന്ന ആളുകളും"

(ഖ) രണ്ടാം പരിമിതി വ്യവസ്ഥ വിട്ടുകളയേണ്ടതാകുന്നു.

3. 15-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ങ) ഖണ്ഡത്തിൽ വിശദീകരണം വിട്ടുകളയേണ്ടതാകുന്നു.

4. 27-ാം വകുപ്പിനുപകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാകുന്നു, അതായത്:—

"27. (1) വകഫ് വസ്തുവാണെന്ന് വിശ്വസിക്കാൻ ബോർഡിന് കാരണമുള്ള ഏതെങ്കിലും വസ്തു സംബന്ധിച്ച വിവരം അതിനുതന്നെ ശേഖരിക്കാവുന്നതും ഒരു പ്രത്യേക വസ്തു വകഫ് വസ്തു ആണോ അല്ലയോ എന്നോ അല്ലെങ്കിൽ ഒരു വകഫ് സുന്നിവകഫ് ആണോ ശിയാവകഫ് ആണോ എന്നോ ഉള്ള ഏതെങ്കിലും പ്രശ്നം ഉദിക്കുകയാണെങ്കിൽ അത് പ്രശ്നം ക്ഷമതയോടുകൂടിയ അധികാരിതയുള്ള ഒരു സിവിൽക്കോടതിക്ക് അഭിപ്രായത്തിനായി അയയ്ക്കേണ്ടതുമാണ്. ഒരു വസ്തു വകഫ് വസ്തു ആണോ എന്നുള്ള തീരുമാനം.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു സിവിൽക്കോടതിക്ക് അഭിപ്രായത്തിന് അയയ്ക്കുന്ന ഏതെങ്കിലും പ്രശ്നത്തിൻമേലുള്ള അതിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്."

---